വേദപ്രചാര

സുവിശേഷം



പുസ്തകം 8] മേയ് 1936 [ലക്കം 11

Licence No. 183.

വിഷയവിവരണിക.

1. പരസ്യക്കല്പന No. 40.
2. ഒരു വേദസാക്ഷിയുടെ കുറവിചാരണ.
3. വി. തോമ്മസ്സ് മൂറിന്റെ വിദ്യുച്ഛാസാഭർശം.
4. ജീവിച്ചിരിക്കുമ്പോൾ ദാനംചെയ്യുക.
5. ഈഴവരുടെ വിദ്യാഭ്യാസന്നഭിവൃദ്ധിയും കടത്തോലിക്കരും.
6. കുട്ടികളുടെ രംഗം.
7. വി. തോമാശ്ലീഹാൻ (പ്രഹേളനം)
8. ജപമാലസ്തോത്രഗീതം.
9. വർത്തമാനക്കുറിപ്പുകൾ
10. കത്തുകൾക്കുള്ള.
11. പരസ്യങ്ങൾ.
12. പഞ്ചാംഗം.

മെത്രിക്കൻഫണ്ട്.

	രൂ.	ച.	കാ.
മുൻവരവു്	59	10	8
പുളക്കീൽ ബ. തോമ്മാച്ചൻ മരങ്ങാട്ടുപിള്ളി	2	1	0
വി. പ്രം. മൂന്നാംസഭ പ്രവിത്താനംപള്ളി	5	0	0
ആകെ.	66	11	8

സ്റ്റേറിക്കാർഡുകൾ

ലൂംസ്ലിങ്ങ്, മലയാളം ഡ്രൈക്ലോകളിലേക്കുള്ള എല്ലാത്തരം റിക്കാർഡുകളും വില്പനയ്ക്കു തയാറാക്കിയിരിക്കുന്നു പ്രവേശനരജിസ്റ്റർ, ഹാജർരജിസ്റ്റർ, വാക്സിനേഷൻരജിസ്റ്റർ, അകപ്പിറൻസുരോൾ, പീസുരസീതു്, ബിൽഫാറങ്ങൾ, അപേക്ഷാഫാറങ്ങൾ, മുതലായ എല്ലാ റിക്കാർഡുകളും നല്ല കടലാസിൽ ഭംഗിയായി അച്ചടിച്ചു കുറഞ്ഞവിലയ്ക്കു വില്പാൻ തയ്യാറായിരിക്കുന്നു.

മാനേജർ, മലയാളസ്ഥാൻബുക്കുഡിപ്പോ,
ചങ്ങനാശേരി


മദ്ധ്യസ്ഥൻ.

പുസ്തകം 8) മേയ് 1936 (ലക്കം 11

NO. 40.

ദൈവകൃപയാലും

പരിശുദ്ധ സിംഹാസനത്തിന്റെ മനോഗുണത്താലും
ചങ്ങനാശേരി രൂപതയുടെ മെത്രാനായ നാം



കാളാശേരിൽ ജയിംസ്

മെത്രാൻ

നമ്മുടെ അധികാരത്തിൻകീഴുള്ള പള്ളികളിലെ ബ. വികാരിമാർക്കും അസിസ്റ്റന്തിമാർക്കും ശേഷംസന്ന്യാസാന്തസ്സുകാർക്കും വിശ്വാസികളേവർക്കും നമ്മുടെ കർത്താവീശോമ്ശിഹായിൽ സമാധാനവും വാഴ്വും.

"ഇന്നുമുതൽ എല്ലാതലമുറകളും എന്നെ ഭാഗ്യവതിയെന്നു വിളിക്കും." (ലൂക്കാ 1—ൽവ.)

വന്ദ്യസഹോദരരെ സ്നേഹിക്കപ്പെട്ട മക്കളെ!

ദൈവമാതാവായ പരിശുദ്ധകന്യാസ്ത്രീമറിയത്തിന്റെ ബഹുമാനത്തിനും വണക്കത്തിനുമായി പ്രത്യേക വിധത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന മേയ് മാസം ഇതാ ആസന്നമായിരിക്കുന്നു. കത്തോലിക്കാസഭയിൽ മാതാവിനോടുള്ള ഭക്തിയോളം പ്രചാരത്തിലിരിക്കുന്ന മറെറാരു ഭക്തിയുമില്ലെന്നുപറയാം. നമ്മുടെ നാട്ടിലും മാതാവിനോടുള്ളഭക്തി അടിക്കടി അഭിവൃദ്ധി പ്രാപിച്ചുവരുന്നുണ്ടു്. മാതാവിനെ ബഹുമാനിക്കുന്നതിനും അവിടുത്തെ സഹായം ലഭിക്കുന്നതിനും അനവധി ഭക്തകൃത്യങ്ങളും അനുദിനം നാം അനുഷ്ഠിക്കുന്നുണ്ടു്. കുട്ടികളും തങ്ങളുടെ അമ്മമാരുടെ അധര

ങ്ങളിൽനിന്നു് ആദ്യംകേൾക്കുന്നതും ആദ്യം ഉച്ചരിക്കുന്നതും ആദ്യംഹൃദിസ്ഥമാക്കുന്നതും മാതാവിന്റെ സ്തുതികളാണു്. "ഇന്നുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതിയെന്നു വിളിക്കും" എന്ന പ്രവചനം എത്രപരിപൂർണ്ണമായി നിറവേറി. മേയ്മാസത്തിൽ വിശ്വാസികളെ മാതാവിന്റെ നേരെ പ്രദർശിപ്പിക്കുന്ന സ്നേഹാദരങ്ങളും, ഭക്തികൃത്യങ്ങളിലുള്ള ശ്രദ്ധാനന്തിയും ആ അമ്മയ്ക്കു് എത്ര ആനന്ദപ്രദമായിരിക്കും. ഇതെല്ലാം നമ്മുടെ മരിയഭക്തിക്കു സാക്ഷ്യം വഹിക്കുന്നു. എങ്കിലും മാതാവിനോടുള്ള ഭക്തിയുടെ ആവശ്യകതയെപ്പറ്റിയും പ്രാധാന്യത്തെപ്പറ്റിയും ചിന്തിക്കുമ്പോൾ ഈ ഭക്തിയെ വർദ്ധിപ്പിക്കുന്നതിനും കൂടുതൽ പ്രചരിപ്പിക്കുന്നതിനും ശ്രമിക്കേണ്ടതു നമ്മുടെ ഒരു പ്രധാന കർത്തവ്യമായി നാം കരുതുന്നു.

കർത്താവിക്കാതിരുസ്സഭയിൽ ഇന്നുവരെ ഉണ്ടായിട്ടുള്ള പുണ്യവാന്മാരെല്ലാവരും മാതാവിനോടു പ്രത്യേക ഭക്തിയുള്ളവരായിരുന്നുവെന്നു് അവരുടെ ചരിത്രങ്ങളും സാക്ഷിക്കുന്നു. മറിയത്തോടുള്ള യഥാർത്ഥഭക്തിയെ നിത്യരക്ഷയുടെ ഒരു തെറ്റാത്ത അടയാളമായിട്ടാണു് കേന്മാരായ വിശ്വാസികളും ആദ്ധ്യാത്മികോപദേഷ്ടാക്കളും ഗ്രന്ഥകാരന്മാരും പരിഗണിച്ചുപോരുന്നതു്. ഇതു് എത്രയും യുക്തിപൂർവ്വമായിരിക്കുന്നു; എപ്രകാരെങ്കിലും നിത്യരക്ഷ പ്രാപിക്കുന്നതിനു് അത്യന്താപേക്ഷിതമായ ദൈവാനുഗ്രഹങ്ങളെ മനുഷ്യർക്കു വിഭജിച്ചുകൊടുക്കുന്നതിനു ദൈവം നിയോഗിച്ചിരിക്കുന്നതു് ദൈവപുത്രിയും, ദൈവപത്നിയും ദൈവമാതാവുമായ മറിയത്തെയാണു്. അവൾ മഹാപ്രഭാവത്തോടെ സ്വർഗ്ഗരാജ്ഞിയായി വാഴുന്നു. അവൾ മനുഷ്യവർഗ്ഗത്തെ സ്നേഹിക്കയും അവർക്കു് അനുഗ്രഹങ്ങൾ ധാരാളമായി നൽകുന്നതിനു് അത്യധികം ആഗ്രഹിക്കയും ചെയ്യുന്നു. ആകയാൽ മറിയത്തെ ആശ്രയിക്കുന്നവർക്കു രക്ഷ നിശ്ചയമാണെന്നു പറയാം.

ഇപ്രകാരംതന്നെ മറിയത്തെ സ്നേഹിക്കാതെയും സർവ്വാനുഗ്രഹപ്രദയായ അവളുടെ സഹായം അപേക്ഷിക്കാതെയും ഇരിക്കുന്നതു് നാശത്തിന്റെ ലക്ഷണമായി വിചാരിക്കാവുന്നതാണു്. മറിയത്തിന്റെ വാക്കുകളായി സങ്കല്പിച്ചുകൊണ്ടു് തിരുസ്സഭ ഇപ്രകാരം പാടുന്നു. "എനിക്കെതിരായി പാപം ചെയ്യുന്നവൻ തന്റെ ആത്മാവിനെ മുറിപ്പെടുത്തുന്നു; എന്നെ വെറുക്കുന്നവർ എല്ലാവരും മരണത്തെ സ്നേഹിക്കുന്നു." ഇതിൽനിന്നും മറിയത്തോടുള്ള ഭക്തി രക്ഷയ്ക്കു അത്യാവശ്യമായിട്ടാണു് സഭ ഗണിച്ചിരിക്കുന്നതെന്നു നമുക്കു അനുമാനിക്കാമല്ലോ. വി. ആൻസ്ലം മറിയത്തോടുള്ള ഭക്തിപ്രകാരം പറയുന്നു. "ഓ! വാഴ്ത്തപ്പെട്ടവളെ, നിന്നെ വിട്ടകന്നുപോകയും നിന്മൂലം നിന്നാൽ ഉപേക്ഷിക്കപ്പെട്ടുകയും ചെയ്യുന്നവൻ നശിക്കാതെഗത്യന്തരമില്ല." മറിയത്തോടുള്ള ഭക്തി വളരെ പ്രയോജനകരവും രക്ഷ

യ്ക്ക് അത്യാവശ്യവുമാണെന്നുള്ളതിനു സഭയും സഭാപിതാക്കന്മാരും സാക്ഷ്യം വഹിക്കുന്നു. ഈ ഭക്തി നിങ്ങളിൽ അനുദിനം വർദ്ധിക്കേണ്ടിയിരിക്കുന്നു.

വന്ദ്യസഹോദരരെ സ്നേഹിക്കപ്പെട്ട മക്കളെ!

ദൈവത്തിന്റെ മാതാവും സ്വർഗ്ഗരാജ്ഞിയുമായ മറിയം നമ്മുടെയും അമ്മയാകുന്നു. അവളുടെ ഈ മാതൃത്വം ശാരീരികമായിട്ടുള്ളതല്ല; പിന്നെയോ ആത്മികമായിട്ടുള്ളതത്രെ. ആത്മാവിന്റെ ജീവനും ശക്തിയുമാകുന്ന രക്ഷാനാഥനെ നമുക്കു പ്രദാനം ചെയ്തത് മറിയമാകുന്നു. ദിവ്യരക്ഷകൻ നമുക്കുവേണ്ടി സ്വയം സമർപ്പിക്കയാണു ചെയ്തതെങ്കിലും അവിടുന്നു മറിയം വഴിയായി ലോകത്തിലേയ്ക്കു വരുവാനാണ് തിരുമനസ്സായത്. അവിടുന്നുതന്നെ കുരിശിൽ കിടന്നുകൊണ്ടു മറിയത്തെ നമ്മുടെ മാതാവായി പ്രഖ്യാപനം ചെയ്തു. ഈ മാതാവു നമ്മെ ഓരോരുത്തരെയും അത്യധികം സ്നേഹിക്കുന്നു. ഒരമ്മയ്ക്കു സ്വസന്താനങ്ങളോടുള്ള സ്നേഹത്തിനു തുല്യമായസ്നേഹം ലോകത്തിൽ വേറെയില്ല. സ്വന്തം അമ്മയോടൊപ്പംഒരുവന്റെ രക്ഷയ്ക്കുവേണ്ടി പരിശ്രമിക്കയും സുഖത്തിനുവേണ്ടി യത്നിക്കയും ഉൽക്കർഷത്തെ കാംക്ഷിക്കയുംചെയ്യുന്ന മറ്റൊരാളും ലോകത്തിൽ കാണുകയില്ല. എന്നാൽ നമ്മുടെ ആത്മികമാതാവായ മറിയത്തിനു നമ്മോടോരോരുത്തരോടുമുള്ള സ്നേഹം ലൌകികമായ ഏതു സ്നേഹത്തെയും അതിശയിക്കുന്നതാണ്. ഇതേപ്പറ്റി വേദപാരംഗതനും ദൈവമാതാവിന്റെ ഭക്തന്മാരിൽ അഗ്രഗണ്യനുമായ വി. അൽഫോൽസുലിഗോരി പറയുന്നതു കേൾക്കുക. "ദൈവത്തെമാത്രം ഒഴിച്ചാൽ ദയാനിധിയായ ഈ അമ്മയേക്കാൾകൂടുതലായി നമ്മെ സ്നേഹിക്കുന്നവർ ഒരുത്തരും ഇല്ല; ഇനിഒരിക്കലും ഉണ്ടാകയുമില്ല; സകല മാതാക്കൾക്കും തങ്ങളുടെ സന്താനങ്ങളുടെ നേർക്കുള്ള വാത്സല്യവും, എല്ലാടത്താക്കന്മാർക്കും തങ്ങളുടെ ഭാഗ്യമാരോടുള്ള പ്രേമവും സ്വർഗ്ഗത്തിലുള്ള സകലപുണ്യവാന്മാർക്കും ദൈവദൂതന്മാർക്കും തങ്ങളുടെ ആശ്രിതന്മാരുടെ നേരെയുള്ള സ്നേഹവും ഒന്നിച്ചുചേർത്താലും അതു്, മറിയത്തിനു് ഒരാത്മാവിനോടുള്ള സ്നേഹത്തോടു സമമാകയില്ല. എല്ലാ മാതാക്കൾക്കും സ്വശിശുക്കളോടുള്ള വാത്സല്യം ഒന്നുചേർന്നാൽ അതു്, മറിയത്തിനു നമ്മോടോരോരുത്തരോടുമുള്ള വാത്സല്യത്തിന്റെ വെറുംനിഴൽ മാത്രമേ ആകയുള്ളൂ. എല്ലാദൈവദൂതന്മാരും പുണ്യാത്മാക്കളും ക്രൂടിസ്നേഹിക്കുന്നതിനേക്കാൾ വളരെ അധികം മറിയം നമ്മെ ഓരോരുത്തരേയും സ്നേഹിക്കുന്നുണ്ടു്."

മറിയം പാപികളോടാണു തന്റെ കാരുണ്യത്തെ പ്രത്യേകവിധത്തിൽ കാണിക്കുന്നതു്. "പാപികളുടെ സങ്കേതമെ" എന്നു സഭ അവളെസംബോധനം ചെയ്യുന്നതു് ഇതുകൊണ്ടാണല്ലൊ. യഥാർത്ഥമായ ശരണത്തോ

ടെ തന്നെ ആശ്രയിക്കുന്ന കഠിനപാപികളെയും മറിയം വാത്സല്യപുരസ്സരം സ്വീകരിച്ച് അവക്കുവേണ്ടി മാധ്യസ്ഥം വഹിക്കുകയും അവരെ മാനസാന്തരപ്പെടുത്തി രക്ഷയുടെ വഴിയിലാക്കുകയും ചെയ്യുന്നു. മാതാവ് ഭ്രിജീത്താപുണ്യവതിക്ക് കാണപ്പെട്ട് അരുളിച്ചെയ്ത വാക്കുകളും മേൽ പറഞ്ഞതിനെ സ്ഥിരപ്പെടുത്തുന്നു. ഈ വെളിപാടുകളുടെ സഭയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. ദൈവജനനി പറയുന്നു: "ഞാൻ ദയയുടെ മാതാവാകുന്നു. പാപികളെ ദൈവത്തിങ്കലേയ്ക്ക് പോകുന്നതിനുള്ള (വഴി) ഉപകരണമാണുഞാൻ. എനിക്കു ദയ പ്രദർശിപ്പിക്കുവാൻ സാധിക്കാത്തതിനുള്ളൂം അത്രനികൃഷ്ടനും നിർഭാഗ്യനുമായി ലോകത്തിൽ ജീവിക്കുന്നവരിൽ ആരുംതന്നെയില്ല. എന്നെ വിളിച്ചുപേക്ഷിച്ചുകൊണ്ടു ദൈവത്തിന്റെ പക്കലേയ്ക്കു പിന്തിരിഞ്ഞു പാപമോചനം പ്രാപിക്കാൻ കഴിയാത്തവണ്ണം അത്രയധികം ദൈവത്തിൽ നിന്നകന്നിട്ടുള്ളവർ ആരും ഇല്ല; അങ്ങനെയുണ്ടെങ്കിൽ അവൻ പൂർണ്ണമായി ശപിക്കപ്പെട്ടവനായിരിക്കണം. പൂർണ്ണമനസ്സോടുകൂടിയും തന്നെത്തന്നെ നവീകരിക്കണമെന്നുള്ള പരമാർത്ഥമായ ആഗ്രഹത്തോടുകൂടിയും എന്റെ പക്കൽ വരുന്ന ഏതുമനുഷ്യനെയും, ഏതുഘോരപാപിയെയും, സ്വീകരിക്കുന്നതിനു ഞാൻ തയാറാണ്. അവന്റെ അപരാധത്തിന്റെ ക്രൂരതയ്ക്കുവിനെ ഞാൻ ഗണിക്കുന്നില്ല. അവന്റെ ഉദ്ദേശത്തെയും തിരിച്ചുവരുന്നതിനു അവനെ പ്രേരിപ്പിക്കുന്ന നന്മനസ്സിനേയും മാത്രമേ ഞാൻ നോക്കുന്നുള്ളൂ." ഇതുപോലെയുള്ള അനവധി വെളിപാടുകൾ വി. ഭ്രിജീത്തായ്ക്കും മറ്റുപല പുണ്യാത്മാക്കൾക്കും ഉണ്ടായിട്ടുണ്ട്. മറിയത്തിന്റെ ഈദൃശവചനങ്ങൾ ഏതുകഠിനപാപിക്കാണ് ആശ്വാസവും ധൈര്യവും നൽകാത്തത്! ഇത്രദയനിറഞ്ഞവളും സ്നേഹനിധിയുമായ അമ്മയെ സ്നേഹിക്കുന്നതിനു് ആരാണ് നിർബന്ധിതനാകാത്തത്. പ്രിയമക്കളെ ദുർബലതമൂലം നിങ്ങൾ പാപത്തിൽ അകപ്പെട്ടുപോകുന്നെങ്കിൽ വാത്സല്യം നിറഞ്ഞമാതാവിന്റെ സഹായം തേടുവിൻ. പാപത്തിൽ ജീവിക്കുന്ന സകലരേയും ഈ നല്ലമ്മയുടെ അടുക്കലേയ്ക്കു കൂട്ടിക്കൊണ്ടുവരുന്നതിനു നിങ്ങൾ ഉത്സാഹിക്കുവിൻ. ലോകത്തിലുള്ള സകല പാപികൾക്കും അവിശ്വാസികൾക്കുംവേണ്ടി ഈ മാതാവിനോടു പ്രാർത്ഥിക്കുവിൻ. എത്രപാപികളെ അത്യന്താപായകരമായവിധം ഈ അമ്മ നിത്യനാശത്തിൽനിന്നു രക്ഷിച്ചിട്ടുണ്ട്! എത്ര അവിശ്വാസികളുടെ മാനസാന്തരത്തിനു ഈ അമ്മയുടെ മാധ്യസ്ഥശക്തി കാരണമായിട്ടുണ്ട്. നമ്മെ ജീവനുതുല്യം സ്നേഹിക്കുന്ന അമ്മ സ്വർഗ്ഗരാജ്ഞിയായി സർവ്വശക്തിയോടുംകൂടി സ്വർഗ്ഗത്തിൽ വാഴുന്നു. മായാനിർവിശേഷമായ സ്നേഹത്തോടെ അവളെ ആശ്രയിക്കുക.

മറിയം പാപികളോടു കരുണകാണിക്കുന്നതുപോലെതന്നെ; തന്നെ

സ്നേഹിക്കുന്നവർക്ക് തങ്ങളുടെ ഹൃദയനൈർമ്മല്യംസംരക്ഷിക്കുന്നതിനുപ്രത്യേ കാനുഗ്രഹങ്ങളും നൽകുന്നു. വി. ബെർണ്ണാർഡ് വി. ബെർണ്ണാർഡയിൻ, വി. ലൂ യീസ്, വി. യോഹന്നാൻ ബെർക്മാൻസ് മുതലായവരുടെ ജീവിതം ഇതിനാ മത്തമുട്ടിഷ്ടാന്തങ്ങളാണ്. അവർ ഓരോരുത്തരും മാതാവിന്റെ നേർക്ക ള്ളസ്നേഹത്തിലെന്നപോലെ തന്നെ അന്യനുമായജീവിതപരിതൃജിതിലും മാതൃകായോഗ്യന്മാരായി പ്രശോഭിച്ചിരുന്നു.

ദുർബലതമൂലം ആത്മനൈർമ്മല്യത്തെ നഷ്ടപ്പെടുത്തുന്നതിനിടയാ കുന്ന തന്റെ ആശ്രിതന്മാരെ മറിയം ഉടനടി വിശുദ്ധീകരിക്കുന്നു! മാതാ വിനോടുള്ളഭക്തി ആത്മാക്കളെ വിശുദ്ധമാക്കിത്തീർക്കുകയും അവയുടെ നി ഷ്കളങ്കതയെ സംരക്ഷിക്കയും ചെയ്യുന്നു. ആകയാൽ നിങ്ങളും ഏതുസ്ഥി തിയിലുള്ളവരായിരുന്നാലും മറിയത്തെ സ്നേഹിക്കുക. നിർമ്മലഹൃദയരെ നിങ്ങളും മറിയത്തെ സ്നേഹിക്കുക; എന്നാൽ നിങ്ങളുടെ നിർമ്മലത സംര ക്ഷിക്കപ്പെടും, പിപികളെ! നിങ്ങളും മറിയത്തെ സ്നേഹിക്കുവിൻ; എന്നാ ൽ നിങ്ങളും നിങ്ങളുടെ പാപങ്ങളെ ഉപേക്ഷിക്കാതെയിരിക്കയില്ല." മറി യം തന്റെ ഭക്തന്മാർക്ക് ജീവിതക്ലേശങ്ങൾക്കിടയിൽ സമാധാനവും ധൈ ര്യവും പ്രദാനംചെയ്യുന്നു; മരണസമയത്തു നടക്കുന്ന ഘോരസമരത്തിൽ അവരെ സഹായിക്കുന്നു: പരീക്ഷകളെ ജയിക്കുവാൻ ശക്തിനൽകുന്നു; ക ഷ്ടാരിഷ്ടതകളിൽ അവരെ ആശ്വസിപ്പിക്കുകയും, സങ്കടങ്ങളെ ക്ഷമയോടെ ക്രൂടി സഹിക്കുന്നതിനു അവരെ പ്രോത്സാഹിപ്പിക്കുകയും ശക്തിപ്പെടുത്തു കയുംചെയ്യുന്നു.

വന്ദ്യസഹോദരരെ സ്നേഹിക്കപ്പെട്ട മക്കളെ,

പാപത്തെ വിട്ടുപേക്ഷിക്കുന്നതിനും, ഹൃദയനൈർമ്മല്യത്തെ കാത്തു സൂക്ഷിക്കുന്നതിനും, പുണ്യങ്ങളും സമ്പാദിക്കുന്നതിനും അതിനെ പോഷി പ്പിക്കുന്നതിനും മറിയത്തോടുള്ള ഭക്തിയും സ്നേഹവും എത്രപ്രയോജനകര മാണെന്നു നാം കണ്ടുവല്ലൊ. എന്നാൽ ഈ ഭക്തി സാക്ഷാത്തായതും ഈ സ്നേഹം നിർവ്യാജമായതുമായിരിക്കണം. ആകയാൽ മാതാവിന്റെ നേരെ അഗാധമായ ഭക്തിയും സ്നേഹവും സമ്പാദിക്കുന്നതിനു ശ്രമിക്കുവി ൻ. ആ അമ്മയുടെ ബഹുമാനത്തിനായുള്ള ഭക്തികൃത്യങ്ങളും പൂർവ്വാധികം ശ്രദ്ധക്കാന്തിയോടും ശ്രദ്ധയോടുംകൂടി ചെയ്യുന്നതിനുത്സാഹിക്കുവിൻ. ഇ തു വിലതീരാത്ത നിക്ഷേപമാകുന്നു. പുണ്യജീവിതത്തിന്റെ അടിസ്ഥാന മാകുന്നു.

ഈ ഭക്തിയെ എല്ലായിടത്തും പരത്തേണ്ടതു് നിങ്ങൾ ഓരോരുത്തരു ടെയും കടമയാണു്. "Legion of Mary" Sodality of the Imm. Conception മുതലായസഖ്യങ്ങളും ഇടവകകളിലും സ്കൂളുകളിലും സ്ഥാ

പിച്ചു ശരിയാംവണ്ണം നടത്തിക്കൊണ്ടു പോകുന്നപക്ഷം അവ മരിയഭക്തിയെ അത്യധികം പോഷിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും തക്ക ഉപകരണങ്ങളായിരിക്കുമെന്നതിനു സംശയമില്ല. ആകയാൽ ഇപ്രകാരമുള്ള മരിയസഖ്യങ്ങളും സ്ഥാപിച്ചിട്ടില്ലാത്ത ഇടവകകളിലും സ്ക്കൂളുകളിലും അവ സ്ഥാപിക്കയും വിശ്വാസികൾക്കു പ്രോത്സാഹനം നൽകുകയും ചെയ്യണമെന്നു ബ. വികാരിമാരോടും സ്ക്കൂൾ മാനേജർമാരോടും നാം ഉപദേശിക്കുന്നു. ഇപ്രകാരമുള്ള പ്രസ്ഥാനങ്ങളിലെല്ലാം പുറമെയുള്ള ആഡംബരങ്ങളുംകൊണ്ടതിനെക്കാൾ ആന്തരികമായ പുരോഗതിക്കും നന്മയ്ക്കുവർദ്ധനയ്ക്കും പ്രാധാന്യംകല്പിക്കുന്നതിനും, പൊതുഗുണത്തിനും ദൈവസ്തുതിക്കും മാതാവിനോടുള്ള ഭക്തിയുടെ വർദ്ധനവിനുംവേണ്ടി പരിത്യാഗത്തോടും പുരസ്പരസ്നേഹത്തോടുംകൂടി ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നതിനും എല്ലാവരും ശ്രമിക്കേണ്ടതാണു്. ഇതുമൂലം മരിയഭക്തി ശക്തിപ്രാപിക്കയും മന്ദീഭവിച്ചിരിക്കുന്ന വിശ്വാസവും മതഭക്തിയും പുനർജീവിക്കുകയും, ദുഷ്ടത കുറയുകയും, അന്ധവിശ്വാസവും പാഷാണ്ഡതകളും അസ്തമിക്കയും ചെയ്യും. എല്ലാ അധരങ്ങളിൽനിന്നും ദൈവത്തിന്റെയും ദൈവമാതാവിന്റെയും സ്തുതികൾ കേൾക്കപ്പെടും. ദൈവമാതാവിന്റെ മാദ്ധ്യസ്ഥംമൂലം ഇവയൊക്കെയും എത്രയുംവേഗം സാധിക്കട്ടെയെന്നപ്രാർത്ഥിച്ചുകൊണ്ടും മേയ്മാസത്തിൽ ഏവരെയും മാതാവിന്റെ സംരക്ഷണയിൽ ഏല്പിച്ചുകൊണ്ടും ✠ ബാവായുടേയും ✠ പുത്രന്റേയും ✠ റൂഹാദ്ക്കുദശായുടേയും നാമത്തിൽ നിങ്ങളെ നാം ആശീർവദിക്കുന്നു.

എന്നു്,

ചാൾസുമൗണ്ടു്
പീരുമേടു്
ഫൻ-ർ-നസ
പുതുഞായറാഴ്ചദിനം

ജയിംസു കാളാശേരി
ച. ര. മെത്രാൻ.

N. B. നമ്മുടെ ഈ കല്പന അടുത്തരണ്ടു ഞായറാഴ്ച വി. കുർബാനയുടെ ഏവൻഗേലിയോൻകഴിഞ്ഞു പള്ളിയിൽ വായിച്ചുകൊള്ളണം.

ഒരു വേദസാക്ഷിയുടെ കുറവിചാരണ.

(ഫ്ര. പീലിപ്പോസ് എം എ. ബി. എൽ.)
റിട്ടയർഡ് ജഡ്ജി

മിശിഹായെ സ്നേഹിച്ചു മിശിഹായിക്കുവേണ്ടി രക്തം ചൊരിഞ്ഞു മരിച്ചിട്ടുള്ള വേദസാക്ഷികളുടെ മരണവൃത്താന്തങ്ങൾ വായിക്കുന്നതുപോലെ ഇത്ര ആനന്ദപ്രദവും ആശ്വാസജനകവുമായ വേറെ ഒന്നും ക്രിസ്തുസഭാചരിത്രത്തിൽ ഇല്ല. സാധാരണ മനുഷ്യർ ഈലോകജീവിതം വലിയ ഭാഗ്യമായി കരുതി ഒരു ദിവസമൊ ഒരു നാഴികയൊ എങ്കിലും ഈ ലോകത്തിൽ കൂടുതൽ ജീവിക്കാൻ ആഗ്രഹിക്കുമ്പോൾ, മിശിഹായെ സ്നേഹിക്കുന്നവർ ഈലോകത്തിലെ സുഖവും സന്തോഷവും നിന്ദ്യങ്ങളായി കരുതി ഒരു ദിവസമെങ്കിലും ഒരു നാഴിക എങ്കിലും മുൻകൂട്ടി തങ്ങളുടെ നിത്യജീവനത്തിൽ എത്തി മിശിഹായോടുകൂടി ഭാഗ്യം അനുഭവിക്കാൻ ആഗ്രഹിക്കുന്നു. അങ്ങനെയുള്ളവർ സന്തോഷത്തോടുകൂടി മിശിഹായിക്കുവേണ്ടി ജീവാപ്പണം ചെയ്യുന്ന മരണവൃത്താന്തങ്ങളിൽനിന്നാണ് അവരുടെ ഈ വക ആദർശങ്ങൾ വെളിപ്പെട്ടുന്നത്.

ഈ കൂട്ടത്തിൽ വേദസാക്ഷിയായി മരിച്ചവരിൽവച്ചു മഹാപരിശുദ്ധനും അഗാധപണ്ഡിതനുമായ ഒരാൾ ആകുന്നു പരിശുദ്ധ അപ്പൊല്ലോണിയസ്. ക്രിസ്താബ്ദം 190-ൽ ആകുന്നു അദ്ദേഹം വേദസാക്ഷിമകുടം പ്രാപിച്ചതു. റോമാ ചക്രവർത്തിയായിരുന്ന മാർക്കസ് ഔറേലിയസിന്റെ കാലത്തു ക്രിസ്ത്യാനികൾക്കു വേദമത്സരം ഉണ്ടായി എങ്കിലും, ആ ചക്രവർത്തിയുടെ മകനായിരുന്ന കൊമ്മോഡസ് എന്ന ചക്രവർത്തി ക്രിസ്ത്യാനികളുടെനേരെ അത്ര അധികം നീരസം പ്രദർശിപ്പിച്ചില്ല. അതുനിമിത്തം ആ കാലത്തു അനേകർ ക്രിസ്ത്യാനികളായിത്തീരുകയും രാജ്യത്തു ക്രിസ്ത്യാനികളുടെ സംഖ്യ വളരെ വർദ്ധിക്കയും ചെയ്തു. ഈ കാലത്താകുന്നു റോമൻ സെനറിലെ ഒരംഗവും അഗാധതത്വജ്ഞാനിയും വേദപുസ്തക ജ്ഞാനത്തിൽ അദ്വിതീയനുമായ അപ്പൊല്ലോണിയസ് ക്രിസ്തുമതത്തിൽ ചേർന്നതു. ഈ കാലത്തു സമാധാനം ആണ് സാമ്രാജ്യത്തിൽ പൊതുവിൽ ഉണ്ടായിരുന്നതു; എങ്കിലും ക്രിസ്ത്യാനികൾക്കു എതിരായുള്ള നിയമങ്ങൾ ഒന്നും പിൻവലിക്കപ്പെട്ടിട്ടില്ലായിരുന്നു. അപ്പൊല്ലോണിയൊസിന്റെ അടിമയായ ഒരു വേലക്കാരനാണു അദ്ദേഹം ക്രിസ്ത്യാനിയാണെന്നു ന്യായാധിപതിക്കു ഒറിക്കൊടുത്തതു. ഈ അടിമയും ക്രിസ്ത്യാനിയാണെന്നു സംശയിക്കപ്പെട്ടുകയാൽ അയാളുടെ വധശിക്ഷ ഉടനെ കഴിച്ചു. അതിന്റെശേഷം തന്റെ ജീവനെയും സമ്പത്തിനെയും കരുതുന്നു എങ്കിൽ തന്റെ മതം ഉപേക്ഷിക്കണം എന്നു ന്യായാധിപതിയായ പെരന്നീസു അപ്പൊല്ലോണിയൊസിനോ

ട്ട് ആവശ്യപ്പെട്ടു. ഇതിന്റെ പാണ്ഡിത്യവും സ്ഥാനവലിപ്പവും സാമൂഹ്യ സ്ഥിതിയുംകൊണ്ടു കുറവിചാരണയിൽ അപ്പല്ലോണിയൊസിനു അസാധാരണമായ ബഹുമാനം സിദ്ധിച്ചു; എങ്കിലും തന്റെ വിശ്വാസത്തെ അദ്ദേഹം ധൈര്യമായി ഏറ്റുപറഞ്ഞു. ചക്രവർത്തിയുടെ ദേവനെപൂജിക്കാൻ അപ്പല്ലോണിയസ് എതുത്തതു നിമിത്തം അദ്ദേഹത്തിന്റെ തല വെട്ടിക്കളഞ്ഞു. വേറെ ഒരു വൃത്താന്തപ്രകാരം അദ്ദേഹത്തിന്റെ കാലുകൾ തെറ്റിക്കി മർദ്ദിക്കപ്പെട്ടതിനാലാണ് അദ്ദേഹം മരിച്ചതെന്നു പറയപ്പെട്ടുന്നു.

അദ്ദേഹത്തിന്റെ കുറവിചാരണ അതേസമയംതന്നെ എഴുതി എടുക്കപ്പെട്ടതു് വലിയ ദേഭഗതിയുണ്ടാകുന്നു വിദഗ്ധന്മാർ അഭിപ്രായപ്പെടുന്നു. അതുകൊണ്ടു അദ്ദേഹത്തിന്റെ കുറവിചാരണ നമുക്കു കിട്ടിയിട്ടുള്ളതു വളരെ വിശ്വാസയോഗ്യമായിട്ടുള്ള ഒരു രേഖയാകുന്നു. നമ്മുടെ മതം എത്ര ഉൽകൃഷ്ടമായതാണെന്നും, നാം അതിന്റെ ആദർശങ്ങളിൽനിന്നും എത്ര പിന്നോക്കമാണെന്നും താഴെക്കറണമെന്ന അദ്ദേഹത്തിന്റെ കുറവിചാരണ നമ്മെ പ്രബോധിപ്പിക്കും.

അപ്പല്ലോണിയസ്സ് തന്റെ ന്യായാധിപതിയോടു ഇപ്രകാരം പറയുന്നു: മരണം എല്ലാവർക്കും ഉള്ളതാകുന്നു; എല്ലാ ദിവസവും മിശിഹായിക്കുവേണ്ടി മരിക്കുന്നതുമൂലം ക്രിസ്ത്യാനികൾ മരണത്തിനായി ഒരുങ്ങുന്നു. ക്രിസ്ത്യാനികൾക്കെതിരായി അജ്ഞാനികൾ കൊണ്ടുവരുന്ന കുറ്റാരോപണങ്ങളിൽ ഒന്നും നേരല്ല. അശുദ്ധമായ ഒരു നോട്ടം എങ്കിലും നോക്കുന്നതിനോ, ഒരു ചിന്തവാക്കു് എങ്കിലും ശ്രവിക്കുന്നതിനോ ക്രിസ്ത്യാനികൾ തങ്ങളെത്തന്നെ അനുവദിക്കുന്നില്ല. ജ്വരംകൊണ്ടോ വയറുകടികൊണ്ടോ മറ്റേതെങ്കിലും ദീനംകൊണ്ടോ മരിക്കുന്നതിനേക്കാൾ കൂടുതൽ അപമാനകരമല്ല സത്യദൈവത്തിനുവേണ്ടി മരിക്കുന്നതു്.

ന്യായാധിപതി അപ്പോൾ ഇപ്രകാരം പോടിച്ചു:—"നിങ്ങൾ എന്നാൽ മരിക്കാൻ നിശ്ചയിച്ചിരിക്കയാണോ?"

അപ്പല്ലോണിയസ്സു്: "ഇല്ല, ഞാൻ ജീവനെ അനുഭവിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ജീവനോടുള്ള സ്നേഹംകൊണ്ടു ഞാൻ മരണത്തെ ഭയപ്പെടുന്നില്ല. ജീവനേക്കാൾ—നിത്യജീവനെക്കാൾ—ഈലോകത്തിൽ നല്ലതായി ജീവിക്കുന്നവരുടെ ആത്മാക്കൾക്കു ലഭിക്കുന്ന അമർത്യാവസ്ഥയേക്കാൾ നല്ലതായി വേറെയാതൊന്നും ഇല്ല".

ന്യായാധിപതി: "നിങ്ങൾ പറയുന്നതു എനിക്കു മനസ്സിലാകുന്നില്ല.

അപ്പല്ലോണിയസ്സു്: "ദൈവകൃപയുടെ സൗന്ദര്യത്തെ കാണാൻ കഴിയാത്ത നിങ്ങളെപ്പറ്റി ഞാൻ ഉള്ളഴിഞ്ഞു ദുഃഖിക്കുന്നു. വെളിച്ചത്തെ

ശേഷം നൂറ്റാ-ാംപേജിൽ

വി. തോമ്മസ്മൂറിന്റെ വിദ്യാഭ്യാസാദർശം.

[തന്റെ സന്താനങ്ങളായ മാർഗറീത്ത്, എലിസബത്തു്, ജോൺ, സിസിലി എന്നിവരുടെ അദ്ധ്യാപകനായിരുന്ന ബ. ഗണ്ണൽ എന്ന വൈദികനു, വി. തോമ്മസ്മൂർ അയച്ച ഒരു എഴുത്തു് റവ. ഹാദേഴ്സ് കുരുവിള വടാശ്ശേരി, ആൻഡ്രൂസ് വേങ്ങത്താനം എന്നിവർ എഴുതിയതും മംഗലപ്പുഴ സെമ്മനാരിയിലേ എസ്. എച്ച്. ലിഗിൽ നിന്നു പ്രസിദ്ധം ചെയ്തിട്ടുള്ളതുമായ 'വി. തോമ്മസ്മൂർ' എന്ന ഗ്രന്ഥത്തിൽ നിന്നു്]

"പ്രി. ബ. ഗണ്ണൽ,

അങ്ങയുടെ ഉൽകൃഷ്ടവും സ്നേഹപ്രദ്യോതകവുമായ കത്തു കിട്ടി. അങ്ങേക്കു് എന്റെ ഓമൽസ്സന്താനങ്ങളോടുള്ള നിർവ്യാജസ്നേഹത്തെ അങ്ങയുടെ കത്തിൽനിന്നും ഞാൻ ഗ്രഹിക്കുന്നു; അവരുടെ ഉത്സാഹശീലത്തെ അവരുടെ കത്തുകളിൽനിന്നും ഞാൻ മനസ്സിലാക്കുകയും ചെയ്യുന്നു. അവരോരോരുത്തരുടേയും എഴുത്തുകൾ എന്നെ സന്തുഷ്ടനാക്കിത്തീർത്തു. ചിലകുട്ടികൾ തങ്ങളുടെ മാതാക്കളുടെ സാന്നിദ്ധ്യത്തിൽപ്പോലും പ്രദർശിപ്പിക്കാത്ത സൗമ്യതയും ആത്മസംയമനവും എലിസബത്ത്, അവളുടെ പ്രിയമാതാവിന്റെ അസാന്നിദ്ധ്യത്തിൽ പ്രദർശിപ്പിക്കുന്നതായി മനസ്സിലാകുന്നതുകൊണ്ടു് വിശേഷാൽ ഞാൻ സന്തോഷിക്കുന്നു. എനിക്കുകിട്ടുന്ന എല്ലാകത്തുകളെക്കാളും താട്ടശമായ അവളുടെ വർത്തനം എന്നെ ആനന്ദിപ്പിക്കുന്നുവെന്നു് അവൾ ഗ്രഹിക്കട്ടെ. രാജാക്കന്മാരുടെ സമ്പത്തുകളെക്കാൾ വിജ്ഞാനത്തെ ഞാൻ വിലമതിക്കുന്നുവെങ്കിലും പാവനമായ ജീവിതത്താൽ പരിപൂതമാക്കപ്പെടാത്ത വിജ്ഞാനം, സംപുഷ്ടവും പ്രസിദ്ധവുമായ അപകിത്തിയല്ലാതെ മറെറാന്നുമല്ലെന്നു് എനിക്കറിയാം. വിശിഷ്യ, സ്ത്രീകളുടെ കാര്യത്തിൽ ഇതു വാസ്തവമാണു്. സ്ത്രീകളുടെ ഉന്നത വിദ്യാഭ്യാസം ഒരു പുതിയ പ്രസ്ഥാനമാകയാലും, അതു് പുരുഷന്മാരുടെ അലസതയ്ക്കുതിരായുള്ളൊരു നിഷ്ക്കരുണാസനമാകയാലും, പലരും അതിനെ എതിർക്കാതിരിക്കുകയില്ല. അഭ്യസ്തവിദ്യരുടെതെറെറുകളെ ആധാരമാക്കി, തങ്ങളുടെ അജ്ഞത ന്യായവും പ്രശംസാർഹവുമായിത്തീരുമെന്നു് അവർ ആശിക്കുകയും, യഥാർത്ഥത്തിൽ സ്വകീയമായ ന്യൂനതകളെ വിദ്യാഭ്യാസത്തിൽ ആരോപിക്കുകയും ചെയ്യും. എന്നാൽ, നേരെമറിച്ചു്, ഒരു സ്ത്രീ തന്റെ ഉൽകൃഷ്ടധർമ്മാചരണത്തോടു സാമാന്യസാഹിത്യജ്ഞാനവും സംയോജിപ്പിക്കുന്നെങ്കിൽ, ക്രീസസ് (Croesus) ന്റെ സമ്പത്തും ഹെല (Helen)

ന്റെ സൌന്ദര്യവും ഉണ്ടായിരുന്നാലെന്നതിനെക്കാൾ പ്രയോജനം അതു നിമിത്തം അവിടുക്കുണ്ടാകുമെന്നു ഞാൻ കരുതുന്നു. എന്റെ പ്രിയപുത്രിമാരുടെ ഉപദേഷ്ടാവെന്നനിലയിൽ ഇതു് അങ്ങു് ഗ്രഹിക്കേണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഒരു വസ്തുവിനെ അതിന്റെ നിഴലെന്നപോലെ, സുകൃതത്തെ പ്രതാപകീർത്തികളും അനുഗമിക്കുമെന്നതു വാസ്തവം തന്നെ. എന്നാൽ, സദാചാരനിരതതയെ സർവ്വപ്രധാനമായിക്കരുതണമെന്നു ഞാൻ നിർബന്ധിക്കുന്നതു്, ഒരു സ്ത്രീയുടെ തന്മൂലം ലഭ്യമാകുന്ന വിശ്രുതിയെക്കരുതിയിട്ടല്ല; പ്രത്യുത, ഏറ്റവും മൂഢവും അനർത്ഥഹേതുകവുമായ മനുഷ്യാഭിപ്രായങ്ങളെ ആശ്രയിക്കാതെ, സത്യവത്തായതെ നിർബാധം വിധിക്കുന്ന അന്തഃകരണത്തെമാത്രം ആശ്രയിച്ചു്, അതു സ്ഥിതിചെയ്യുന്നതിനാൽ സമ്പത്തുപോലെയോ സൌന്ദര്യംപോലെയോ അതിന്റെ പ്രതിഫലങ്ങൾ നശിച്ചുപോകയില്ലെന്നു് എനിക്കറിയാവുന്നതുകൊണ്ടത്രേ.

"അപകീർത്തിയിൽനിന്നും ഒഴിഞ്ഞിരിക്കുന്നതിനു പരിശ്രമിക്കുക ഉത്തമനായ ഒരു മനുഷ്യന്റെ ലക്ഷണമാണു്. എന്നാൽ കീർത്തിസമ്പാദനത്തിനായി മാത്രം അദ്ധ്വാനിക്കുക എന്നതു് അഹംഭാവിയും, അപഹാസ്യനും നികൃഷ്ടനും ആയ ഒരു മനുഷ്യന്റെ പ്രവൃത്തിയത്രേ. ഉൽകർഷത്തേയും അപകർഷത്തേയും പരജനാഭിമതത്തിൽമാത്രം ഭർശിക്കുന്ന ഒരുവൻ നിരന്തരം സമാധാനരഹിതനായിരിക്കുക സാധാരണമാണു്. വിദ്യാഭ്യാസത്തിൽ നാം കീർത്തിയെ ഇച്ഛിക്കാതെ, പ്രയോജനത്തെ കാംക്ഷിക്കേണ്ടതാണെന്നു്, പ്രസ്തുത വിദ്യാഭ്യാസത്താൽത്തന്നെ നാം ഉപദിഷ്ടരാകുക എന്നതിനെക്കാൾ മഹത്തരമായ ഒരു പ്രതിഫലം വിദ്യാഭ്യാസത്തിൽനിന്നും മനുഷ്യനു ലഭിക്കുന്നതിനില്ലതന്നെ. ഏതാദിശമായിരുന്നു ഏറ്റവും വിദ്വാന്മാരായിരുന്ന മനുഷ്യരുടെ, വിശിഷ്യ, മനുഷ്യജീവിതനിയന്താക്കളായ തത്ത്വശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തം. എന്നാൽ അവരിൽ, ചിലർതന്നെ മറവുചെയ്യപ്പെടുന്നതിനുമുമ്പുതന്നെ, വ്യർത്ഥസ്തുതിയേയും പരജനപ്രശംസയേയും ആർജ്ജിക്കുന്നതിനായി വിജ്ഞാനത്തെ ദുരുപയോഗിച്ചിട്ടുണ്ടായിരിക്കാമെന്നതു ഞാൻ നിഷേധിക്കുന്നില്ല.

"മാർഗരറ്റിന്റെ ഉൽകൃഷ്ടസ്വഭാവം കളങ്കിതമാകാതെ സൂക്ഷിക്കേണമെന്നു താങ്കളുടെ കത്തിൽ പറഞ്ഞിരിക്കുന്നതുകൊണ്ടാണു്, പ്രിയ ഗണ്ണൽ, ഞാൻ ഈ വിഷയത്തെപ്പറ്റി ഇത്രയും പ്രതിപാദിച്ചതു്. പ്രസ്തുതാഭിപ്രായത്തിൽ താങ്കളോടു ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. നിന്ദ്യവും ഹീനവുമായവയെ ആദരിക്കുന്നതിനു് അന്യരെ പരിശീലിപ്പിക്കുന്നവനത്രേ, ഉദാരമായ ഒരു സ്വഭാവത്തെ ഹീനമാക്കുന്നതെന്നു്, എന്നപ്പോലെതന്നെ താങ്കളും കരുതുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു. നേരെമറി

ച്ചു്, ഔൽകൃഷ്ടൃത്തിലേക്കും യഥാർത്ഥനന്മയിലേക്കും സ്വയം ഉയരുകയും, മഹനീയങ്ങളായകാര്യങ്ങളെപ്പറ്റി സദാ ധ്യാനിക്കുകയും ചെയ്യുന്നതിന്റെ ഫലമായി, യഥാർത്ഥനന്മകളാണെന്നു സാധാരണമായി എല്ലാമനുഷ്യരും അംഗീകരിച്ചിട്ടുള്ളതിനെ തെറ്റിദ്ധരിച്ചുകൊണ്ടു് അത്യാർത്തിയോടെ കൈവശപ്പെടുത്തുവാൻ പരിശ്രമിക്കുന്ന മായാവസ്തുക്കളെ അവജ്ഞാപൂർവ്വം വീക്ഷിക്കുന്നവനത്രേ യഥാർത്ഥ സ്വതാവോദ്ധാരകൻ".

"പ്രിയ ഗണ്ണൽ, നാമും താദ്ദശന്തന്നെ പ്രവർത്തിക്കേണ്ടവരാണല്ലൊ. ആകയാൽ, എന്റെ വത്സല സന്താനങ്ങളോടു്, ഔദ്ധത്യവും ഗർവ്വുമാകുന്ന പ്രപാതങ്ങളെ വിട്ടകന്നുകൊണ്ടു്, വിനയമാകുന്ന സമതടത്തിൽക്കൂടെ യാത്രചെയ്യേണമെന്നും, കുനകോടയാൽ അവർ മയങ്ങിപ്പോകരുതെന്നും, തങ്ങളുടെ അജ്ഞതനിമിത്തം പ്രശംസനീയമായിത്തോന്നുന്ന അന്യരുടെ അയഥാർത്ഥഗുണങ്ങളും തങ്ങളിൽക്കില്ലാത്തതിൽ അവർ ഖേദിക്കരുതെന്നും, വിചിത്രതരങ്ങളായ വേഷാലങ്കാരങ്ങളും തങ്ങൾക്കുള്ളതു സൗഭാഗ്യമായോ, അവയില്ലാത്തതു ദൗർഭാഗ്യമായോ കരുതരുതെന്നും, പ്രകൃതിദത്തമായ സൗന്ദര്യത്തെ അലസതയാൽ വിരൂപമാക്കരുതെന്നും, അപ്രകാരംതന്നെ കൃത്രിമത്താൽ അതിനെ വർദ്ധിപ്പിക്കുവാൻ പരിശ്രമിക്കരുതെന്നും, സദാചാരത്തിനു പ്രഥമസ്ഥാനവും വിജ്ഞാനത്തിനു ദ്വിതീയസ്ഥാനം മാത്രവും നല്കേണമെന്നും, തങ്ങളുടെ പഠനങ്ങളിൽ ദൈവഭക്തിയും സഹോദരസ്നേഹവും ക്രിസ്തീയവിനയവും മുഖ്യതലായി പഠിപ്പിക്കുന്നവയെ അവർ അധികം വിലമതിക്കേണമെന്നും, ഉപദേശിക്കുന്നതിനു്, എന്റെ ഓമൽസന്താനങ്ങളോടുള്ള സ്നേഹത്താൽ പ്രേരിതനായി.... ....താങ്കളോടോ,.... ....എന്റെ പ്രേയസിയോടോമാത്രമല്ല, എന്റെ എല്ലാസുഹൃത്തുക്കളോടും ഞാൻ പലപ്പോഴും അഭ്യർത്ഥിച്ചിട്ടുണ്ടു്. പ്രസ്താവിതമായ പദ്ധതി അനുസരിക്കുന്നതായാൽ വിമലമായ ഒരു ജീവിതത്തിനു ന്യായമായി ലഭിക്കേണ്ട പ്രതിഫലത്തെ ദൈവത്തിൽനിന്നു് അവർ സ്വീകരിക്കാതിരിക്കയില്ല. സുനിശ്ചിതമായ ഈ പ്രതിഫലത്തിന്റെ പ്രതീക്ഷയിൽ മരണത്തെ ഭയലേശമെന്നിയേ അവർ സംവീക്ഷിക്കുകയും ചെയ്യും. അതേസമയംതന്നെ അവരുടെ ഹൃദയം ശാശ്വതവും സനാതനവുമായ സന്തോഷം അനുഭവിക്കുന്നതിനാൽ വ്യർത്ഥമായ പരജനപ്രശംസയിൽ അവർ അഹങ്കാരികളോ, പരജനോപഹാസത്തിൽ അവർ നഷ്ടഹൃദയരോ ആയിത്തീരുകയുമില്ല. ഈവയെ വിജ്ഞാനത്തിന്റെ നിർമ്മലഫലങ്ങളായി ഞാൻ പരിഗണിക്കുന്നു. പണ്ഡിതന്മാരിൽ എല്ലാവരും അവയെ അനുഭവിക്കുന്നില്ലെന്നു ഞാൻ തന്നെ സമ്മതിക്കുന്നെങ്കിലും, മേൽപ്രസ്താവിതങ്ങളായ ഉദ്ദേശങ്ങളെ ഉദ്ദേശിച്ചുകൊണ്ടു വിജ്ഞാനസമ്പാദനത്തിൽ ഏർപ്പെടുന്നവർക്കു് ഉദ്ദേശസിദ്ധിയുണ്ടാകയും,

അവർ പരിപൂർണ്ണരായിത്തീരുകയും ചെയ്യുമെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു."

"വിദ്യാവിതയ്ക്കുന്നതു സ്ത്രീയായതുകൊണ്ടോ, പുരുഷനായതുകൊണ്ടോ വിളവിനു വ്യത്യാസം ഉണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. സ്ത്രീക്കും പുരുഷനും, ഒരേ മനുഷ്യപ്രകൃതിതന്നെയാണു് ഉള്ളതു്. വിവേചനാശക്തി അവരെ മൃഗങ്ങളിൽനിന്നും വ്യത്യാസപ്പെടുത്തുകയും ചെയ്യുന്നു. അതുകയാൽ, വിവേചനാശക്തിയെ അഭിവൃദ്ധമാക്കുകയും വിദ്യാഭ്യാസം വിതയ്ക്കുന്നതിനു തയ്യാറാക്കപ്പെട്ട കൃഷിസ്ഥലംപോലെ, സുശിക്ഷണങ്ങളാകുന്ന ബീജങ്ങളെ ഫലവത്താക്കുന്നതിനു ബുദ്ധിയെ തയ്യാറാക്കുകയും ചെയ്യുന്ന വിജ്ഞാനാഭ്യസനത്തിനു സ്ത്രീയും പുരുഷനും ഒന്നുപോലെ പര്യാപ്തരും അവകാശികളുമത്രേ. ധാന്യങ്ങളെക്കാൾ കളകളെ പുറപ്പെടുവിക്കുന്ന കൃഷിസ്ഥലമാണു സ്ത്രീകളുടെ ബുദ്ധിശക്തിയെന്നുള്ള അഭിപ്രായം സ്വീകരിക്കുന്നതായാൽ, അതേകാരണത്താൽത്തന്നെ, പ്രകൃത്യാ ഉള്ള ന്യൂനതകളെ പരിശ്രമത്താൽ പരിഹരിക്കുന്നതിനു, സ്ത്രീകളുടെ ബുദ്ധിശക്തി കൂടുതൽ ശ്രദ്ധാപൂർവ്വം ശിക്ഷണം ചെയ്യപ്പെടേണ്ടതാണെന്നത്രേ എന്റെ അഭിപ്രായം. പൗരാണികന്മാരുടെയും, ഏറ്റവും വിജ്ഞാനികളും, അപ്രകാരംതന്നെ, ഏറ്റവും ധർമ്മനിരതന്മാരായിരുന്നവരുടേയും അഭിമതവും ഇതുതന്നെയായിരുന്നു. ഉദാഹരണമായി, വി. ജറോമും വി. ആഗസ്തിനോസും ജ്ഞാനസമ്പാദനത്തിൽ ഉൽസുകരാകേണമെന്നു്, കുലീനകളായ സ്ത്രീകളോടും ധന്യകളായ കന്യകകളോടും ഉപദേശിക്കുക മാത്രമല്ല, അതിൽ അവരെ സഹായിക്കുന്നതിനായി വി. ഗ്രന്ഥങ്ങളിലേ ദുർഗ്രഹങ്ങളായ ഭാഗങ്ങളുടെ വ്യാഖ്യാനങ്ങളും അവർക്കു നല്കുകയും, സുശീലകളായ ബാലികമാർക്കു വിജ്ഞാനപൂർണ്ണമായ ലേഖനങ്ങൾ അയയ്ക്കുകയും ചെയ്തിരുന്നു. പ്രസ്തുത വ്യാഖ്യാനങ്ങളും ലേഖനങ്ങളും, വിശുദ്ധ ഗ്രന്ഥവ്യാഖ്യാതാക്കൾ എന്നു് ഇക്കാലത്തു് അഭിമാനിക്കുന്നവർക്കു ശരിയായി മനസ്സിലാക്കുവാനോ, വായിക്കുന്നതിനുതന്നെയോ, പ്രയാസമായവിധം അത്യഗാധജ്ഞാനങ്ങളും ഉൽകൃഷ്ടങ്ങളുമായിരുന്നു. പണ്ഡിതനായ പ്രിയഗണ്ണൽ; എന്റെ പുത്രിമാർ പ്രസ്തുത ധന്യാത്മാക്കളുടെ താളശാസ്ത്രഗ്രന്ഥങ്ങളെ അഭ്യസിക്കുന്നതിനായി താങ്കൾ സദയം നിഷ്കർഷിക്കുമല്ലോ. തങ്ങളുടെ വിദ്യാഭ്യാസത്തിന്റെ അന്ത്യവും പ്രയത്നങ്ങളുടെ ഫലവും, ദൈവപ്രസാദത്താൽ ലബ്ധമാകുന്ന അന്തഃകരണവിശുദ്ധി ആയിരിക്കണമെന്നു പ്രസ്തുത ഗ്രന്ഥങ്ങളിൽനിന്നു വിശേഷവിധിയായി അവർ മനസ്സിലാക്കും. ഇപ്രകാരം, സമാധാനവും സന്തുഷ്ടിയും അവരുടെ ഹൃദയങ്ങളിൽ നിവസിക്കുകയും, പ്രശംസയാലോ

വിജ്ഞാനത്തെ അവഹേളിക്കുന്ന അജ്ഞന്മാരുടെ ഭോഷത്തത്താലോ അവർ ചഞ്ചലമനസ്കരാകാതിരിക്കയും ചെയ്യും."

"വിദ്യയിലും പ്രായത്തിലും പുരോഗതിപ്രാപിച്ചുകഴിഞ്ഞവൻപോലും കീർത്തിയെ ആഗ്രഹിക്കാത്തതായി കാണുക സാധാരണമല്ലാത്ത സ്ഥിതിക്ക്, പ്രസ്താവിതസംഗതികൾ വാസ്തവങ്ങളെങ്കിലും, അവ എന്റെ പിഞ്ചുകുഞ്ഞുങ്ങളുടെ ശേഷിയെക്കവിഞ്ഞതാണെന്നു തങ്കം വാദിച്ചേക്കുമെന്നു ഞാൻ ശങ്കിക്കാതിരിക്കുന്നില്ല. എന്നാൽ, പ്രിയ ഗണ്ണൽ, അഹങ്കാരമെന്ന തിന്മയെ നശിപ്പിക്കുക വൈഷമ്യമേറിയതെന്ന് എനിക്കറിയാവുന്നതുകൊണ്ടുതന്നെയത്രേ ബാല്യപ്രായംമുതല്ക്കേ അതിനായി നാം പരിശ്രമിക്കേണ്ടതാണെന്നു ഞാൻ നിർബന്ധിക്കുന്നതു്. നമ്മുടെ ശൈശവത്തിൽത്തന്നെ ധാത്രികൾ അഹംകാരത്തെ നമ്മുടെ ഹൃദയത്തിൽ അങ്കുരിപ്പിക്കുകയും, അദ്ധ്യാപകന്മാർ അതിനെ പരിപോഷിപ്പിക്കുകയും, മാതാപിതാക്കന്മാർ അതിനെ പൂർണ്ണവളർച്ചയിലാക്കുകയും ചെയ്യുന്നതുതന്നെയാണ്, പ്രസ്തുത തിന്മ നമ്മിൽ ശുദ്ധമൂലമായിത്തീരുന്നതിനുള്ള കാരണം എന്ന് എനിക്കു തോന്നുന്നു. ധർമ്മത്തല്പരമായ ജീവിതത്തിന്റെ ഏകപ്രതിഫലമായി കീർത്തിയെ ആഗ്രഹിക്കുന്നതിനു ശിശുക്കളെ പ്രേരിപ്പിക്കുന്നതല്ലാതെ, യഥാർത്ഥമായ നന്മ എന്തെന്ന് അവരിൽ ആരും ശിശുക്കളെ ഉപദേശിക്കുന്നതേയില്ല. ഇപ്രകാരം, കീർത്തിയെ അമിതമായി വിലമതിക്കുന്നതിനു നാം പരിശീലിക്കുകയും, തൽഫലമായി ഭ്രഷ്ടപക്ഷക്കാരായ ദുഷ്ടന്മാരെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി, ന്യൂനഗണമായ സത്തമന്മാരുടെകൂടെ എണ്ണപ്പെടുന്നതിൽ നാം ലജ്ജിതരായിത്തീരുകയും ചെയ്യുന്നു. അഹങ്കാരമെന്ന മഹാവ്യാധിയെ തങ്ങളിൽനിന്നു ദൂരീകരിക്കുന്നതിനു്, എന്റെ പ്രിയ സന്താനങ്ങളോടു്, പ്രിയ ഗണ്ണൽ, തങ്കവും അവരുടെ മാതാവും അവരുടെ എല്ലാസുഹൃത്തുക്കളും ഉപദേശിക്കുകയും, പരിപ്പിക്കുകയും ചെയ്യേണമെന്നു ഞാൻ ആഗ്രഹിക്കുന്നു. മിശിഹായാൽ അത്യന്തം പ്രശംസിക്കപ്പെട്ടതായ വിനയാന്വിതമായ സൗമ്യശീലംപോലെ അത്യൽകൃഷ്ടമായി മറ്റൊന്നുമില്ലെന്നു നിങ്ങളും അവരെ ധരിപ്പിച്ചാലും. സദുപദേശങ്ങളെ നിരാകരിക്കാതെ അവയെ സ്വീകരിക്കുവാൻ അവരെ അഭ്യസിപ്പിക്കുന്നതിനും, തിന്മയെ ശാസിക്കുന്നതിൽക്കൂടുതലായി സുകൃതത്തെ ഉപദേശിക്കുന്ന നിങ്ങളുടെ ഉൽകൃഷ്ടസ്വഭാവം പ്രയോജകീഭവിക്കാതിരിക്കയില്ലല്ലോ. ഈ ഉദ്ദേശ്യം സാധിക്കുന്നതിനായി, പുരാതനരായ സഭാപിതാക്കന്മാരുടെ കൃതികളെ വായിച്ചു മനസ്സിലാക്കുന്നതുപോലെ ഉപകാരപ്രദമായി മറ്റൊന്നുമില്ലതന്നെ. എന്തുകൊണ്ടെന്നാൽ, പ്രസ്തുത പുണ്യാത്മാക്കൾ, തങ്ങളോടു കോപാന്ധരായിരിക്കുകയില്ലെന്ന് അവക്കറിയാവുന്നതാണ്. മാത്രമല്ല, വിശുദ്ധന്മാ

രുടെ ജീവിതവിശുദ്ധിയെ അവർ സമാദരിക്കുന്നതുപോലെതന്നെ അവരുടെ പ്രാമാണ്യത്തെ ബഹുമാനിക്കുകയും ചെയ്യും. സാല്ലസ്റ്റി (Sallust) നെ വിവരിച്ചു മനസ്സിലാക്കുന്നതുകൂടാതെ, ഉപരിപ്രസ്താവിതങ്ങളായ സംഗതികൾകൂടെ, ജോണിനേയും സിസിലിയേയുംകാൾ പ്രായംകൂടിയ മാർഗരറിനേയും എലിസബത്തിനേയും താങ്കൾ പഠിപ്പിക്കുമെങ്കിൽ, തന്മൂലം താങ്കൾ അവരേയും എന്നേയും കൂടുതൽ ശക്തമായ സ്നേഹശൃംഖലയാൽ താങ്കളോടു ബന്ധിക്കുമെന്നറിഞ്ഞാലും. ഇപ്രകാരം പ്രകൃത്യാതന്നെ എനിക്കു വാത്സല്യനിധികളായും, വിജ്ഞാനത്താലും സുകൃതത്താലും എനിക്കു സ്നേഹഭാജനങ്ങളായും ഭവിക്കുന്ന എന്റെ ഓമൽസന്താനങ്ങളും, വിജ്ഞാനോൽക്കർഷംകൊണ്ടും ജീവിതനൈർമ്മല്യംകൊണ്ടും എനിക്കു കൂടുതൽ സ്നേഹത്തിനുനിദാനങ്ങളായിത്തീരുകയുംചെയ്യും".

ജീവിച്ചിരിക്കുമ്പോൾ ദാനംചെയ്യുക.

(ഒരു യഹൂദൈതിഹ്യം)

Fr. C. T.

യൂദയായിൽ മഴക്കാലം ആരംഭിച്ചു. ദാവീദുരാജാവും അദ്ദേഹത്തിന്റെ പുത്രനായ സ്ലേമ്മോൻരാജകുമാരനും രാജ്യത്തിന്റെ വടക്കുഭാഗത്തുനിന്നും, തങ്ങളുടെ വർഷകാലവസതിയായ യരൂസലത്തേയ്ക്കു പുറപ്പെട്ടു. അവർ വളരെ സാവധാനമാണു യാത്രചെയ്തത്. യരൂസലം പട്ടണത്തോടു സമീപിക്കാറായപ്പോൾ ഒരു കൊടുംകാറ്റും പെരുമഴയും ഉണ്ടായതിനാൽ, അന്നു രാത്രി അടുത്തുണ്ടായിരുന്ന ഒരു പെരുമ്പാമ്പത്തിൽ താമസിക്കുവാൻ തീർച്ചപ്പെടുത്തി. ഒരു വീട്ടിൽ പ്രവേശിച്ചു അവർ വിശ്രമിച്ചു.

രാജാവും കുമാരനും വന്നിരിക്കുന്ന വിവരം ആ രാത്രിയിൽത്തന്നെ ഗ്രാമമൊട്ടുക്കു പ്രസിദ്ധമായി. പിറേന്നു പ്രഭാതമായപ്പോൾ ഗ്രാമവാസികളായ ദരിദ്രന്മാരും ഭിക്ഷുക്കളും ദാനം പോടിക്കുന്നതിനായി രാജാവിന്റെ പക്കൽ ഓടിക്കൂടി. കൊട്ടാരം കാര്യസ്ഥൻ ഈ സാധുക്കളെ നിർദ്ദയം ആട്ടി ഓടിച്ചിരുന്നു. ഇതെല്ലാം കണ്ടുകൊണ്ടിരുന്ന ദാവീദുരാജാവും

പുത്രന്മാരിൽ, ദാനം ചെയ്യുന്നതിന്റെ പുണ്യഫലങ്ങളെപ്പറ്റി ഒരു ചെറിയ സംവാദം നടക്കുകയുണ്ടായി.

"ദരിദ്രന്മാർക്കു ദാനംചെയ്യുമ്പോൾ, ദൈവം നമുക്കു നൽകിയിട്ടുള്ളതിനെത്തന്നെ അവിടത്തേയ്ക്കു തിരിച്ചുകൊടുക്കുകമാത്രമാണു് നാം ചെയ്യുന്നതു്" എന്നു ശ്ലേമോൻ രാജകുമാരൻ സംഭാഷണം ആരംഭിച്ചു.

ദാവീദു്. അതു വാസ്തവംതന്നെ. എങ്കിലും തന്റെ ധനത്തെ ധാരാളമായി വ്യയം ചെയ്യുന്നവനല്ല യഥാർത്ഥത്തിൽ വിജ്ഞാനി, പിന്നെയോ, ജീവിച്ചിരിക്കുമ്പോൾ തന്റെ ദ്രവ്യത്തെ സ്വന്തം ഗുണത്തിനു വേണ്ടി വിവേകത്തോടുകൂടി വിനിയോഗിക്കുകയും, ശേഷിക്കുന്ന ധനം, മരണാനന്തരം ദരിദ്രസംരക്ഷണത്തിനും പരോപകാരപ്രവൃത്തികൾക്കുമായി ഉപയോഗിക്കുന്നതിനു, ദാനം ചെയ്യുകയും ചെയ്യുന്നവനാണു്.

ശ്ലേമോൻ. അങ്ങയുടെ അഭിപ്രായത്തോടു യോജിക്കുവാൻ നിവൃത്തിയില്ലാത്തതിൽ ഞാൻ വ്യസനിക്കുന്നു.

ദാവീദുരാജാവു തുടർന്നുവാദിച്ചു

ഒരു മനുഷ്യൻ ജീവിച്ചിരിക്കുമ്പോൾ കൊടുത്താലും മരണസമയത്തു സംഭാവനചെയ്താലും ഫലം ഒന്നുതന്നെയാണു്. ധനസമൃദ്ധിയും പുത്രസമ്പത്തും ഉള്ള മനുഷ്യൻ വാസ്തവത്തിൽ വളരെ ഭാഗ്യവാൻതന്നെ; എന്തെന്നാൽ ജീവിച്ചിരിക്കുമ്പോൾ തന്റെ ധനത്തെ യഥേഷ്ടം അനുഭവിച്ചു സുഖിക്കുന്നതിനു് അയാൾക്കു സാധിക്കുന്നു, മരണശേഷം അയാളുടെ അഭിലാഷങ്ങളും ഓരോന്നും സാധിക്കുന്നതിലും നിർദ്ദേശാനുസരണം ദരിദ്രന്മാർക്കു ദാനം ചെയ്യുന്നതിലും അനന്തരഗാമികളായ സന്താനങ്ങളും ശ്രദ്ധപതിച്ചുകൊള്ളുമല്ലോ. ഇതുമൂലം അനേകരുടെ പ്രാർത്ഥനകൾ അയാളുടെ സ്വർഗ്ഗപ്രവേശനത്തെ ത്വരിതപ്പെടുത്തുകയും ചെയ്യും.

ശ്ലേമോൻ വിസമ്മതം സൂചിപ്പിച്ചുകൊണ്ടു് ഒന്നു തലകുലുക്കി.

ശ്ലേ. ഒരു മനുഷ്യൻ, തന്റെ സ്വന്തമെന്നുപറയാമെങ്കിലും, തനിക്കു മേലിൽ ഒരിക്കലും ചെലവാക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ നിവൃത്തിയില്ലാത്ത ധനം അന്യർക്കു ദാനംചെയ്യുന്നതുകൊണ്ടു വലിയ പ്രയോജനമുണ്ടെന്നു് എനിക്കു തോന്നുന്നില്ല.

ദാവീ. രണ്ടിന്റെയും ഉദ്ദേശം ഒന്നുതന്നെയാണല്ലോ.

ശ്ലേ. അല്ല. ഒരിക്കലുമല്ല. ജീവിച്ചിരിക്കയിൽ സ്വാത്മാവിന്റെ രക്ഷയ്ക്കു വേണ്ടി പരിശ്രമിക്കുകയും പരിത്യാഗം അനുഷ്ഠിക്കുകയും ചെയ്യാത്ത ഒരു മനുഷ്യൻ, തന്റെ അനന്തരഗാമികളുടെ സൽപ്രവൃത്തികൾ

കൊണ്ടുമാത്രം സ്വർഗ്ഗത്തിൽ പ്രവേശിച്ചുകൊള്ളാമെന്നു പ്രതീക്ഷിക്കുന്നുവെങ്കിൽ അതെത്രയുമധികമായ മൂഢതയായിരിക്കും!

'ഈ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല' എന്നുമാത്രം ദാവീദുരാജാവു് നീരസഭാവത്തോടുകൂടി പ്രസ്താവിച്ചു. കുറെനേരത്തേയ്ക്കു രണ്ടുവരും മൗനം അവലംബിച്ചു. ഒടുവിൽ ട്ലേമ്മോൻ നിശ്ശബ്ദതയെ ഭഞ്ജിച്ചു. ട്ലേ. എന്റെ രാജാവും പിതാവുമായ അങ്ങയോടു് ഞാനൊന്നപേക്ഷിച്ചുകൊള്ളട്ടെ. അവിടത്തെ രാജസ്ഥാനം ഒരു ദിവസത്തേയ്ക്കു വഹിക്കുവാൻ അവിടുന്നു് എന്നെ അനുവദിക്കുന്നപക്ഷം നിശ്ചയമായും ഞാൻ പറഞ്ഞതിന്റെ സത്യത അങ്ങയെ ബോധപ്പെടുത്തിത്തന്നുകൊള്ളാം.

"അങ്ങനെതന്നെ" സസന്തോഷം രാജാവു മറുപടിപറഞ്ഞു. ഉടനെതന്നെ അദ്ദേഹം തന്റെ ഉദ്യോഗസ്ഥന്മാരെ എല്ലാവരെയും വിളിച്ചുകൂട്ടി ഇപ്രകാരം പ്രസ്താവിച്ചു. "എന്റെ പുത്രനായ ട്ലേമ്മോൻ നിങ്ങളോടു് എന്തു് ആജ്ഞാപിക്കുന്നുവോ അതു നിങ്ങളും ചെയ്തുകൊള്ളണം. ഇപ്പോൾമുതൽ നാളെ ഈ സമയമാകുന്നതുവരെ യുദയായിലെ രാജാവു് അദ്ദേഹമാണു്." അനന്തരം ദാവീദുരാജാവു വിശ്രമിക്കുവാൻ പോയി.

അന്നു സൂര്യൻ അസ്തമിക്കാറായപ്പോൾ ട്ലേമ്മോൻ യുവരാജാവു നാല്പതുരാജസേവകന്മാരെ വിളിച്ചുവരുത്തി ഇപ്രകാരം ഒരു കല്പന നൽകി. "എന്റെ പിതാവായ മഹാരാജാവു തിരുമനസ്സുകൊണ്ടു് ഇന്നുരാത്രിതന്നെ ജറൂസലത്തേയ്ക്കു് പുറപ്പെടുന്നു. അദ്ദേഹത്തെ അകമ്പടിസേവിക്കുന്നതിനു നിങ്ങളും നാല്പതുപേരും ഓരോ പന്തംകത്തിച്ചു പിടിച്ചു ഉടനെതയാറായി നിന്നുകൊള്ളണം. എല്ലാവരും രാജാവിന്റെ പിറകേയാണു് പോകേണ്ടതു്. മാത്രമല്ല, പന്തങ്ങളുടെ വെളിച്ചം രാജാവിന്റെ മുമ്പിലുള്ള വഴിയിൽ ഒരിക്കലും പ്രകാശിക്കാതിരിക്കത്തക്കവണ്ണം വളരെ അധികം പിന്നിൽ മാത്രമേ നിങ്ങളും നടക്കാവൂ. രാജാവു് എത്രവിളിച്ചാലും ശകാരിച്ചാലും ദേഷ്യപ്പെട്ടുപറഞ്ഞാലും നിങ്ങളും ഒന്നും കേട്ടില്ലെന്നു ഭാവിച്ചുകൊള്ളണം. ഒന്നുകൊണ്ടും ഭയപ്പെടേണ്ട. എല്ലാം ഭദ്രമായിരിക്കണം." സംഗതിയെന്തന്നറിയാതെ സേവകന്മാർ അല്പം പരിഭ്രമിച്ചെങ്കിലും യുവരാജാവിന്റെ ആജ്ഞ അനുവർത്തിക്കുന്നതിനു ഉടനടി പുറപ്പെട്ടു. അർദ്ധരാത്രിയോടുകൂടി സകലതും സജ്ജീകരിച്ചശേഷം നിദ്രയിൽ നിമഗ്നനായിരുന്ന ദാവീദുരാജാവിനെ സേവകന്മാർ വിളിച്ചുണർത്തി, അദ്ദേഹം അപ്പോൾതന്നെ കാൽനടയായി ജറൂസലത്തേയ്ക്കു പുറപ്പെടുവാൻ യുവരാജാവു് ആജ്ഞാപിക്കുന്നുവെന്നുണർത്തിച്ചു.

ദാവീദുരാജാവു് ഒട്ടും നിരുത്സാഹം പ്രദർശിപ്പിക്കാതെ, അന്നത്തെയ്ക്കു രാജാവായിരുന്ന സ്വപുത്രന്റെ കല്പനയെ സസന്തോഷം ശിരസാവഹിക്കയാണു ചെയ്തതു്. ഉടൻതന്നെ തന്റെ പുറംകുപ്പായം എടുത്തു പുതച്ചുകൊണ്ടു വിജനനഗരത്തിലേയ്ക്കുള്ള വഴിയിലൂടെ അദ്ദേഹം നടന്നുതുടങ്ങി. ഘോരാന്ധകാരം എങ്ങും വ്യാപിച്ചിരുന്നു. വഴിയോ കുണ്ടും കുഴിയും, മുള്ളും കല്ലുംകൊണ്ടു ദുർഘടവുമായിരുന്നു. എങ്കിലും വെളിച്ചം കാട്ടി തന്നെ നിർബാധം നയിക്കുന്നതിനു നാല്പതുപേർ പന്തങ്ങളുമായി കൂടെയുണ്ടല്ലോ എന്നും യൗസലം അത്രയകലെയല്ലല്ലോയെന്നും വിചാരിച്ചു സമാധാനിച്ചുകൊണ്ടു രാജാവു വേഗം നടന്നു. പന്തങ്ങൾ വളരെ പിന്നിലായതു് അദ്ദേഹം അറിഞ്ഞില്ല. പകൽപെയ്ത ഭയങ്കരമായ മഴമൂലം വഴികളിൽക്കൂടി വെള്ളം നിറഞ്ഞൊഴുകിയിരുന്നതിനാലും ചിലേടത്തു വെള്ളം നിറഞ്ഞിരുന്നതിനാലും രാജാവിനു നടക്കുവാൻ വളരെ പ്രയാസം നേരിട്ടു. ഇരുട്ടുമൂലം വഴി കാണുന്നതിനു നിവൃത്തിയില്ലാതെയായി. കുറെ മുമ്പോട്ടുപോയപ്പോൾ വഴിതെറ്റിപ്പോയി. വിധുരത്തിൽ പതനം വഹിച്ചുകൊണ്ടു നിന്നിരുന്ന സേവകന്മാരോടു മുമ്പോട്ടു വന്നു തന്നിക്കു വെളിച്ചം കാണിക്കുന്നതിനു അദ്ദേഹം വിളിച്ചു പറഞ്ഞു. അവർ രാജാവിന്റെ വിളികേട്ട ഭാവംപോലും കാണിച്ചില്ല. രാജാവു നിന്നപ്പോഴും അവരും നിന്നു. രാജാവു ഭഗ്നാശനായി മുമ്പോട്ടന്നെ നടന്നു തുടങ്ങിയപ്പോൾ അവരും സാവധാനം മുമ്പോട്ടനീങ്ങി. രാജാവിൽനിന്നും വിധുരത്തിലായിരിക്കുവാൻ അവർ വളരെ ശ്രദ്ധിച്ചിരുന്നു. ഒരു ലാക്കും തുല്യതെ രാജാവു വൃഥാ ഓടി നടന്നു; ഒരു പ്രാവശ്യം മുട്ടോളം ചെളിയ്ക്കകത്തു അദ്ദേഹം അകപ്പെട്ടു. അപ്പോഴും കോപത്തോടും സങ്കടത്തോടുംകൂടി അദ്ദേഹം സേവകരോടു തന്നെ സഹായിക്കുവാൻ വിളിച്ചുപറഞ്ഞു. അവർ വീണ്ടും ബധിരഭാവം നടിച്ചുതന്നെയുള്ളു.

അന്നരാത്രിമുഴുവൻ ദാവീദുരാജാവു് വഴിയറിയുവാൻ നിവൃത്തിമില്ലാതെ നിസ്സഹായനായി അന്ധകാരത്തിൽ തപ്പിത്തടഞ്ഞു. ഒരിക്കൽ കാച്ചിടറി ഒരു കുഴിയിൽ വീഴുകയാൽ അടിമുതൽമുടിവരെ ചെളികൊണ്ടു മൂടപ്പെട്ടു. അതിൽനിന്നു കരയ്ക്കുകേറിയശേഷം കോപാന്ധനായി അദ്ദേഹം ദിവാഗകന്മാരെ വിളിച്ചു. ഫലം ആദ്യത്തേതുതന്നെ. ദുശ്ശാഠ്യക്കാരും അനുസരണയില്ലാത്തവരുമായ അവരുടെ ധിക്കാരത്തിനു കഠിനശിക്ഷ അധിക്ഷ നൽകുമെന്നും മറ്റും പറഞ്ഞു രാജാവു് അവരെ ഭയപ്പെടുത്തി; ശാസിച്ചു; വീണ്ടുംവിളിച്ചു. ആരുകേൾക്കുവാനാണു്!

ഒടുവിൽ രാജാവു യാത്രാക്ലേശത്താൽ തളർന്നു് ഒരു പുൽത്തകിടിയിൽ ഇരുന്നു് ഉഷ്ണശ്വാസനായുവരെ വിശ്രമിച്ചു. അതിരാവിലെ ജൂസലത്തെയ്ക്കു ത്വരിതഗതിയിൽ നടന്നു.

നേരംകുറെ പുലർന്നപ്പോൾ മാത്രമാണ് അദ്ദേഹം ഉറങ്ങിയത് എ
ന്നുചേർന്നുതു്. നഖശിഖാന്തം പൊളിക്കൊണ്ടു അഭിഷിക്തനായ അദ്ദേഹ
കോപാന്ധനായിട്ടാണു് അവിടെയുണ്ടായിരുന്ന രാജമന്ദിരത്തിൽ പ്രവേ
ശിച്ചതു്. ശ്ലേമ്മോൻ രാജകുമാരൻ മുമ്പേതന്നെ അവിടെ എത്തിത്താമ
സിക്കുന്നുണ്ടായിരുന്നു. അദ്ദേഹം പിതൃയോഗ്യമായ വണക്കത്തോടും രാ
ജോചിതമായ ബഹുമാനത്തോടുംകൂടി ദാവീദുരാജാവിനെ സ്വീകരിച്ചു.
രാജാവു മൗനം ദീക്ഷിച്ചതേയുള്ളു. ശ്ലേമ്മോൻ ആദരപൂർവം പറഞ്ഞു:
"എന്റെ രാജാവും പിതാവുമായുള്ളോവെ, അങ്ങയുടെ സ്ഥിതി ഏറ്റവും പ
രിതാപകരമായിരിക്കുന്നവല്ലോ. അങ്ങേയ്ക്കു് എന്തു സംഭവിച്ചുവെന്നു പ
റഞ്ഞാലും"!

ദാവീദുരാജാവിന്റെ മുഖം ഇരുണ്ടു; കണ്ണു ചുവന്നു; കോപത്താൽ വി
റച്ചുകൊണ്ടു അദ്ദേഹം പറഞ്ഞു: "ഞാൻ ഈ അവസ്ഥയിലായിരിക്കു
ന്നതിൽ ഒട്ടും അത്ഭുതപ്പെടുവാനില്ല. എന്നെ വെളിച്ചം കാട്ടി നയിക്കു
ന്നതിനു" അയച്ചിരുന്ന ദീപവാഹികൾ എന്നെ അപഹസിക്കയും നിന്ദി
ക്കയും മാത്രമാണു് ചെയ്തതു്! അവർ പിറകിൽ അങ്ങേ അറ്റത്താണു്
പോയിക്കിടന്നിരുന്നതു്. ഒരു ശകലം വെളിച്ചംപോലും ഞാൻ നടന്നു
വഴിയിൽ ഒരിക്കലുമില്ലായിരുന്നു. ഞാൻ പലപ്രാവശ്യം പറഞ്ഞു, എന്തു
ഫലം; വിളിച്ചുകൂവി, എന്തുപ്രയോജനം! അവർ ഒരടിയെങ്കിലും മു
മ്പോട്ടുവയ്ക്കുകയോ സഹായത്തിനായി അടുത്തുവരികയോ ചെയ്തില്ല. പ
ത്തുനാല്പതു പന്തം കത്തിച്ചു നിരത്തിപ്പിടിച്ചിരുന്നതെന്തിനായിരുന്നെന്നു
ഞാനറിഞ്ഞില്ല. എന്നെ വഴികാണിക്കുന്നതിനു് അവ അശേഷം പ്ര
യോജകീഭവിച്ചില്ലെന്നുള്ളതു തീർച്ചയാണു്".

ഭക്ത്യാദരപുരസ്സരം സോളമൻ ഇപ്രകാരം പറഞ്ഞു: "അല്ലയോ മ
ഹാരാജാവെ, എന്റെ ഇന്നലത്തെ വാദത്തിന്റെ യുക്തിയുക്തത അങ്ങു
തന്നെ തെളിയിച്ചിരിക്കുന്നു. ഒരുമനുഷ്യൻ തന്റെ മരണാനന്തരം അ
ന്യർവഴിയായി നൽകുന്ന ദാനം, വളരെ അകലെയായി അങ്ങയെ അനുഗ
മിച്ചിരുന്ന ആ ദീപങ്ങൾപോലെ തുല്യമാണു്. ആ പന്തങ്ങളിലൊന്നു സ്വയ
മേവഹിച്ചുകൊണ്ടു പോകുന്നയാൾക്കു് അതു വളരെ സാഹായകമായിരു
ക്കും പക്ഷേ പിന്നിൽ വളരെദൂരെ അതു പിടിച്ചതുകൊണ്ടു് ഒരു ഫലവും
ഇല്ല. അവ നല്ല ഉദ്ദേശങ്ങളാണു്; നല്ല ഉദ്ദേശങ്ങൾപോലെ ഒരുവനെ പ
രീക്ഷായിൽ പ്രവേശിക്കുന്നതിനു സഹായിക്കുവാൻ ശക്തിയില്ല."

ഈഴവരുടെ സത്യമതാന്വേഷണ സംരംഭവും കത്തോലിക്കരും.

(ജെ. ജോസഫ് വള്ളവന്താറ.)

കേരളത്തിലെ അതിവിപുലമായ ഒരു മഹാസമുദായം–തീയ്യർ–എത്ര യും അവഗാഢമായി ആലോചിച്ചശേഷം ഒരു പരിവർത്തനഘട്ടത്തിലേയ്ക്കു പ്രവേശിക്കുവാൻ ഉദ്യുക്തരായിരിക്കുന്നു. മതപരവും, സാമൂഹ്യവും, രാ ഷ്ട്രീയവുമായ അനവധി അസമത്വങ്ങളും, അവശതകളും അനേകനാളുക ളായി അനുഭവിച്ചിരുന്ന അവർ ഭാവികാര്യപരിപാടികളെപ്പറ്റി പരിചി ന്തനം ചെയ്യുവരികയാണല്ലോ. ഇന്ന് അവരുടെ ഏറ്റവും പ്രബലമായ പ്രമേയം മതപരിവർത്തനമാണ്. എന്നാൽ ഈ മഹാപ്രശ്നം ഈ ഏ ട്ടുമുക്കാൽലക്ഷത്തിന്റെ മാത്രം വിചിന്തനത്തിനല്ല വിഷയീഭവിക്കേ ണ്ടതു്.

ക്രിസ്തുനാഥൻ ഒരു സഭ സ്ഥാപിച്ചപ്പോൾ ഏതൽസഭാംഗങ്ങൾ സ്വസഭയെ കഴിയുന്നത്ര പ്രചരിപ്പിക്കണമെന്നുകൂടി അവിടുന്ന് അഭില ഷിച്ചിരുന്നു. അവിടുത്തെ ഏതദ്വിഷയത്തിലുള്ള ശാസനങ്ങളെയും, ആ ജ്ഞകളെയും ശിരസാവഹിച്ചു് പ്രേഷിതവൃത്തി നിർവഹിച്ചതിന്റെ ധാരാ ളം സൽഫലങ്ങൾ ഇന്ന് ഭൂമുഖത്തിന്റെ നാനാഭാഗങ്ങളിലും കാണ്മാനു ണ്ടു്. എന്നാൽ കേരളീയകത്തോലിക്കരെ സംബന്ധിച്ചിടത്തോളം തദ്വി ഷയകമായുള്ള പ്രവൃത്തി ഇന്നും അനാശാസ്യമായിരിക്കുന്നുവെന്നു പറയു വാനേ നിർവാഹമുള്ളൂ. കേരളത്തിലെയും, ഭാരതഖണ്ഡത്തിന്റെ ഇതര ഭാഗങ്ങളിലെയും സാഹചര്യങ്ങളുടെ ആനുകൂല്യത്തെ ഈ സ്ഥിതിയുമായി ഒന്നു തട്ടിച്ചുനോക്കുമ്പോൾ നമ്മുടെ നില എത്രമാത്രം അപഹാസ്യമാ ണെന്നു മനസ്സിലാകുന്നതാണു്. ആയതിനാൽ ഈഴവസമുദായത്തിന്റെ ഈ ഉദ്യമത്തിൽ നമ്മുടെ ഭാഗം നാം നിവർത്തിക്കാതിരിക്കുകയോ, തടസ്ഥരാ ഒരു വസ്തുത സമുദായം വഴിതെറ്റിനടക്കുവാനിടവരികയോ ചെയ്യുന്നതു് അഭിലഷണീയമല്ല.

ഈഴവരുടെ സത്യമതാന്വേഷണസംരംഭത്തിൽ കത്തോലിക്കർ ചെയ്യുവാനുള്ളതെന്താണു്? സാമുദായികഗുണത്തേയോ, രാഷ്ട്രീയശക്തിയേയോ കത്തോലിക്കർ ലവലേശം ഗണ്യമാക്കുന്നില്ല. ആയതിനാൽ ഒരു ഈഴവരുപോലും കത്തോലിക്കരിൽനിന്നും "ചക്കരവാക്കോ", വലിയ വാഗ്ദാനങ്ങളോ നിശ്ചയമായും ലഭിക്കുകയില്ല. ഓരോ കത്തോലിക്കനും അവന്റെ മനസ്സാക്ഷിപ്രകാരം ഏകസത്യമതമെന്നു വിശ്വസിക്കുന്ന ക

ത്തോലിക്കാസഭയിലേയ്ക്ക്, അവൻ അസത്യമതങ്ങളെന്നു നിസ്സന്ദേശം വിശ്വസിച്ചിരിക്കുന്ന സകല ഇതരമതങ്ങളിലേയും അംഗങ്ങളെ ആകർഷിക്കയും ക്ഷണിക്കയും ചെയ്യുന്നതു് ലൌകികഗുണങ്ങളെ ഗണ്യമാക്കിയല്ല. സ്വന്ത ആത്മീയശുദ്ധതയാണു് ഏറ്റവും പ്രധാനമായ കാര്യമെന്നും, അതിനുള്ള ഏകമാർഗ്ഗം കത്തോലിക്കാനിരുസ്സഭാസ്വീകരണമാണെന്നും ദൃഢമായി വിശ്വസിക്കുന്ന ഒരുവനെ മാത്രമെ കത്തോലിക്കസ്സഭ സ്വാഗതം ചെയ്യുന്നുള്ളൂ. അതിനാൽ സത്യമതത്തിലേയ്ക്കു പ്രവേശിക്കണമെന്നു് ആഗ്രഹിക്കുന്ന ഈഴവസമുദായത്തിനു് സത്യമതം കത്തോലിക്കാസഭയാണെന്നു് യുക്തിപൂർവ്വം തെളിയിച്ചുകൊടുക്കുകയും, അതു ബോദ്ധ്യമായാൽ കത്തോലിക്കാസഭയിലേയ്ക്കു സ്വീകരിക്കുകയും മാത്രമാണു് കത്തോലിക്കർക്കു കരണീയമായിട്ടുള്ളതു്.

നമ്മുടെ വക പ്രസിദ്ധീകരണങ്ങളും ഈ പരിതസ്ഥിതിയെ പരിഗണിച്ചു് മതസംബന്ധമായ ജ്ഞാനം പ്രദാനം ചെയ്യത്തക്ക ലേഖനങ്ങളും ധാരാളമായി പ്രസിദ്ധീകരിക്കുന്നതു് അഭിലഷണീയമായിരിക്കും. ഭാഷാസ്വാധീനമുള്ളവർ ഏതെങ്കിലും വിഷയത്തെ പുരസ്കരിച്ചുള്ള ലേഖനങ്ങളും എഴുതുന്നതും അവസരോചിതമാണു്. ഈഴവകേന്ദ്രങ്ങളിലും മറ്റും സുസമ്മതന്മാരായ മതപണ്ഡിതന്മാരെക്കൊണ്ടു പ്രസംഗങ്ങളും ചെയ്യിക്കുന്നതിനു് എം. സി. വൈ. എൽ., സി വൈ. എം. എ., തുടങ്ങിയ പ്രസ്ഥാനങ്ങൾ പ്രത്യേകം ഉത്സാഹിച്ചാൽ കൊള്ളാം. ലഘുലേഖകളും പ്രചരിപ്പിക്കുന്നതിനു സാധിക്കുന്ന വ്യക്തികളും, സ്ഥാപനങ്ങളും അപ്രകാരം ചെയ്യുന്നതു് അഭിലഷണീയമായിരിക്കും. ഏതായാലും ഈഴവരുടെ ഈ സത്യമതാന്വേഷണസംരംഭത്തിൽ നമ്മുടെ ഔദാസീന്യംമൂലം അവർ പരാജയമടയുവാൻ ഇടയാകാതിരിക്കട്ടെ!

കുട്ടികളുടെ രംഗം.

1. ആദികാരണമായ ദൈവം.

പ്രിയകുട്ടികളെ,

സകലവസ്തുക്കളുടെയും ആരംഭത്തിലേയ്ക്കു നമുക്കൊന്നു നോക്കാം. ഈ കാണുന്ന വസ്തുക്കളെല്ലാം എങ്ങനെയുണ്ടായി എന്നു പരിശോധിക്കാം. നാം എങ്ങനെ ഈലോകത്തിൽ വന്നുചേർന്നു? ഒരു ഇരുപതുകൊല്ലം മുമ്പു നിങ്ങളിൽ ആരും ഉണ്ടായിരുന്നില്ല. നൂറുകൊല്ലംമുമ്പു് നിങ്ങളുടെ

വല്യപ്പന്മാർപോലും ജനിച്ചില്ലായിരുന്നു. ഒരിക്കലും ജനിക്കാതെയും ജീവിതം ആരംഭിക്കാതെയും, എപ്പോഴും ജീവിച്ചിരുന്ന വല്ലവരെക്കുറിച്ചും നിങ്ങൾ കേട്ടിട്ടുണ്ടോ?

കുറെക്കാലം മുമ്പു, ഇന്നു ഭൂമുഖത്തുള്ള ഒരാൾപോലും ജനിച്ചിട്ടില്ലായിരുന്നു. ഇന്നു ജീവിച്ചിരിക്കുന്ന ലക്ഷോപലക്ഷം ആളുകളിൽ, മറ്റെല്ലാവരെയുംകാൾ മുമ്പു ജനിച്ച ഒരാൾ കാണും. ഇതുപോലെതന്നെ ലോകത്തിൽ ജീവിച്ചിട്ടുള്ള സകലരെയുംകാൾ ആദ്യം അവിർഭവിച്ച ഒരാൾ ഉണ്ടായിരുന്നു. അയാളെ നിർമ്മിച്ചതാരാണു്? നിങ്ങൾക്കോരോരുത്തർക്കും എത്ര വയസ്സുണ്ടു്? പത്തു് അല്ലെങ്കിൽ പന്ത്രണ്ടു, എന്നു നിങ്ങൾ പറയും. അതിന്റെ അർത്ഥമെന്താണു? പത്തു് അല്ലെങ്കിൽ പന്ത്രണ്ടു കൊല്ലംമുമ്പു് നിങ്ങൾ ജീവിതം ആരംഭിച്ചുതേയുള്ളുവെന്നും അതിനു മുമ്പു നിങ്ങൾ ഇല്ലായിരുന്നുവെന്നുമാണർത്ഥം.

ആന, കുതിര, പട്ടി, പൂച്ച, പക്ഷി, മത്സ്യം മുതലായ ജന്തുക്കളെപ്പറ്റി ആലോചിക്കാം. ആന മനുഷ്യനെക്കാൾക്രൂടുതൽ കാലം ജീവിക്കും. പക്ഷേ ആരംഭമൊന്നുമില്ലാതെ എന്നും ജീവിച്ചിരുന്ന ഒരാനയെങ്കിലും ലോകത്തിലുണ്ടോ? ഇല്ല. എല്ലാത്തിനും ആരംഭമുണ്ടായിരുന്നു. ഒന്നു മറ്റൊന്നിൽനിന്നുണ്ടായി; അതു വേറൊന്നിൽനിന്നുണ്ടായി ഇങ്ങനെ പിറകോട്ടുനോക്കിയാൽ ഒരു മൃഗംപോലും ജീവിതം ആരംഭിക്കാതിരുന്ന ഒരു കാലമുണ്ടായിരുന്നുവെന്നു കാണാം. ആദ്യത്തെ മൃഗത്തെ ആരാണു് നിർമ്മിച്ചതു്? ഇപ്പോഴുള്ള ഏറ്റം വലുപ്പമായ ആനപോലും ജനിക്കുന്നതിനു പല ദശലക്ഷക്കണക്കു മുമ്പു തഴച്ചു വളർന്നിരുന്ന ചില ബ്രഹ്മാണ്ഡങ്ങളായ വൃക്ഷങ്ങളും ഇന്നുമുണ്ടു്. അവയെ വിട്ടുകണ്ടിച്ചു തടിയുടെ വളയങ്ങളും എണ്ണുന്നപക്ഷം അവയ്ക്കു എത്ര വയസ്സുണ്ടെന്നറിയാം. അവ ആരംഭിച്ചതെന്നാണെന്നു കാണാം. മാവിൽ നിന്നാണു് അണ്ടിയുണ്ടാകുന്നതു്; അണ്ടിയിൽനിന്നു മാവുണ്ടാകുന്നു. എന്നാൽ ആദ്യത്തെ മാവു് എവിടെ നിന്നുണ്ടായി? മനുഷ്യനും മൃഗങ്ങളും വൃക്ഷങ്ങളും ഉണ്ടാകുന്നതിനു മുമ്പു് ഭൂമിയുണ്ടായിരുന്നു. അതു് എവിടെ നിന്നു വന്നു? ചിലർ പറയുന്നതിങ്ങനെയാണു്. സൂര്യനും ചന്ദ്രനും ചില നക്ഷത്രങ്ങളും എല്ലാംകൂടി ആദ്യം ഒരു വലിയ അഗ്നിഗോളമായിരുന്നു. അതു തുടരെ കറങ്ങിക്കൊണ്ടിരുന്നു. അതിന്റെ ഭാഗങ്ങളും പൊട്ടിത്തെറിച്ചുണ്ടായതാണു് ഭൂമി, ചന്ദ്രൻ മുതലായവ. ചന്ദ്രൻ തണുത്തുപോയി. ഭൂമിയുടെ ഉള്ളിൽ ഇപ്പോഴും തീയുണ്ടു്. ചിലർ മറ്റുവിധത്തിൽ പറയുന്നുണ്ടു്. ഏതായാലും ചില സാധനങ്ങൾകൊണ്ടാണല്ലോ ഭൂമി നിർമ്മിക്കപ്പെട്ടിരിക്കുന്നതു്. ആ സാധനം എവിടെ നിന്നുവന്നു? അതു് ആരെങ്കിലും ഉണ്ടാക്കിയതായിരിക്കണം;

എന്തുകൊണ്ടെന്നാൽ മറെറാന്നിനാൽ ആരംഭിക്കപ്പെടാതെ ഒന്നും ആരംഭിക്കയില്ല.

ആദ്യത്തെ വസ്തു ഉണ്ടാക്കിയ ആൾ എപ്പോഴും ജീവിച്ചിരിക്കണം. അല്ലെങ്കിൽ ആ ആൾ ഒരിക്കലും ജീവിക്കയില്ലായിരുന്നു; എന്തുകൊണ്ടെന്നാൽ അദ്ദേഹം ആദ്യത്തെ ആളായതുകൊണ്ട് അദ്ദേഹത്തെ നിർമ്മിക്കാൻ ആരുമില്ലായിരുന്നു. എന്നും ജീവിച്ചിരുന്ന ഒരു ആദികാരണമില്ലായിരുന്നെങ്കിൽ ഒന്നും ഉണ്ടാകയില്ലായിരുന്നു; ലോകവും നിങ്ങളും ഞാനും ആരും ഇല്ലായിരുന്നുനേ.

പക്ഷേ പ്രപഞ്ചമുണ്ട്, നാമെല്ലാവരും ഉണ്ട്. അതുകയാൽ ഇവ നിർമ്മിച്ച ഒരാൾ ഉണ്ടായിരുന്നിരിക്കണം. ആദിയില്ലാത്തവനും ആദ്യവസ്തുക്കളെ ഇല്ലായ്മയിൽ നിന്നു ഉണ്ടാക്കിയവനുമായ ആ ആളെ നാം ദൈവമെന്നു വിളിക്കുന്നു. ദൈവത്തിനു് ആരംഭമില്ല; ഇന്നും ജീവിക്കുന്നു; ഒരിക്കലും അവസാനമുണ്ടാകയില്ല. ദൈവം എവിടെയുണ്ടു്? എല്ലായിടത്തും. നിങ്ങളുടെ ചുറും നിങ്ങളുടെ ഉള്ളിലും, വളരെ ദൂരത്തുള്ള നക്ഷത്രത്തിന്റെ അപ്പുറത്തും ദൈവമുണ്ടു്. ദൈവത്തിന്റെ ഒരു ഭാഗം ഇവിടെയും ഒരു ഭാഗം മറെറാരിടത്തുമാണോ? അല്ല; ദൈവത്തിനു ഭാഗങ്ങളില്ല; എന്തെന്നാൽ അവിടുത്തെയ്ക്കു ശരീരമില്ല. ദൈവം മുഴുവനും ഇവിടെയും അവിടെയും എവിടെയുമുണ്ടു്. അവിടുന്നു് അരൂപിയാണു്.

അരൂപി എന്താണു? അതു പറയാൻ കുറെ പ്രയാസമാണു്. അരൂപിയെ കാണാനോ കേൾക്കാനോ തൊട്ടുവാനോ സാധിക്കയില്ല. നമ്മിൽത്തന്നെ ഒരംശം അരൂപിയാണു്. നമ്മുടെ ശരീരം മൃഗീയമാണു്. ഒരു പശുവോ പട്ടിയോ ചെയ്യുന്നതുപോലെ നാമും ഭക്ഷിക്കയും ഉറങ്ങുകയും മറും ചെയ്യുന്നു. എന്നാൽ നമ്മുടെ ശരീരത്തിനുള്ളിൽ ഒരു അരൂപിയുണ്ടു്. അതിനെ ആത്മാവെന്നു വിളിക്കുന്നു. അതു ശരീരത്തെ വിട്ടുപോകുമ്പോൾ നാം മരിക്കുന്നു; അപ്പോൾ ശരീരത്തിനു ജീവനില്ലാതാകുന്നു; അതു അഴുകി നശിച്ചുപോകുന്നു. ദൈവത്തെപ്പോലെതന്നെ ആത്മാവിനും ഭാഗങ്ങളില്ല. ശരീരത്തിന്റെ ഓരോഅംഗത്തിലും തലയിലും, കാലിലും കയ്യിലും ആത്മാവു മുഴുവനായുണ്ടു്. അതു ഒരിക്കലും നശിക്കയില്ല; അതിനു ഗ്രഹിക്കാനുള്ള ശക്തിയുണ്ടു്; സ്വാതന്ത്ര്യമുണ്ടു്.

നമുക്കു് ദൈവത്തെ കാണാൻ പാടില്ല; ആത്മാവിനെയുംകാണാൻ പാടില്ല; എന്തെന്നാൽ നമ്മുടെ കണ്ണുകൾക്കു അരൂപികളെ കാണാൻ സാധിക്കയില്ല. എങ്കിലും അവയുണ്ടു്. നമുക്കു കാണാൻ വയ്യാത്ത പലതുണ്ടു്. നമുക്കു വായുവോ വിദ്യുച്ഛക്തിയോ കാണാൻ സാധിക്കയില്ല. എന്നാലും വായുവും വിദ്യുച്ഛക്തിയും ഉണ്ടെന്നു നമുക്കറിയാം.

ദൈവം എത്ര അത്ഭുതകരനാണു്; അവിടത്തേക്കാരംഭമില്ല! ദൈവത്തിന്റെ ശക്തി എത്രവലുതാണു്, അവിടന്നു് ഇല്ലായ്മയിൽനിന്നും സകലവും ഉണ്ടാക്കി. സൂര്യനെയും ഭൂമിയേയും നക്ഷത്രങ്ങളേയും ചലിപ്പിച്ചതു് അവിടന്നാണു്. ദൈവം എത്ര അളവില്ലാത്തവനാണു്; അവിടന്നു് എല്ലായിടത്തുമുണ്ടു്. ഏറാം ഉയന്ന നക്ഷത്രത്തിന്റെ മുകളിലും ദൈവമുണ്ടു്. ഏറാം അടുത്ത നക്ഷത്രംപോലും നമ്മിൽനിന്നു് എത്രനാഴികയുടെയാണു്? അനേകംകോടിനാഴികയുടെയാണു്. വെളിച്ചം ഒരു നിമിഷത്തിൽ അനേകായിരം മൈൽ സഞ്ചരിക്കും. എന്നാലും ഏറാം അടുത്തുള്ള നക്ഷത്രത്തിന്റെ വെളിച്ചം ഭൂമിയിൽ എത്തുന്നതിനു നാലുകൊല്ലം വേണം. ധൂമകേതുക്കളെന്നുപറയുന്ന ചില നക്ഷത്രങ്ങളും വായുവേഗത്തിൽ കടന്നുപോകുന്നതു നിങ്ങളും കണ്ടിട്ടുണ്ടോ? അവ ഒന്നു ചുറ്റിവരുന്നതിനു 175 കൊല്ലംവേണ്ടിയിരിക്കുന്നു. അവ എത്രകോടിമൈൽ ഓടുന്നുണ്ടെന്നു് ആക്കിയാം?

ദൈവം വളരെ മനോഹരനാണു്. നാം ദൈവത്തെ കാണുന്നപക്ഷം ഒരിക്കലും അവിടത്തെ അടുക്കൽനിന്നു പോകയില്ല. അവിടന്നു നമ്മെ ഓരോരുത്തരേയും അതിരറ്റസ്നേഹത്താൽ സ്നേഹിക്കുന്നു. അവിടന്നു നമ്മെ സൃഷ്ടിച്ചു; നാം അവിടത്തേസ്വന്തമാണു്. നമുക്കു ദൈവത്തെകാണാമായിരുന്നുവെങ്കിൽ ഹാ! എത്രനന്നായിരുന്നു! നമുക്കു് അവിടത്തെ എപ്പോഴെങ്കിലും കാണാൻകഴിയുമോ? കഴിയും. നമുക്കു് അവിടത്തെ നേരിട്ടു കാണാനുള്ള ദിവസംവരുന്നു. നാം നല്ലവരായിരുന്നാൽ മതി.

താഴെക്കാണുന്ന ചോദ്യങ്ങൾക്കുത്തരം പറയുക.

1 ദൈവം ആരാകുന്നു.
2 ദൈവം എവിടെയുണ്ടു്?
3 ദൈവത്തിനു് ആരംഭമുണ്ടോ? ഇതു് എങ്ങനെയാണു് നിങ്ങൾ മനസ്സിലാക്കിയതു്?
4 ദൈവത്തെ നമുക്കു കാണാൻ കഴിയാത്തതെന്തുകൊണ്ടു്?
5 നമ്മുടെ ആത്മാവിനു ദൈവത്തോടെന്തു സാമ്യമാണുള്ളതു്?

വി. തോമാമല്പാൻ.

"ബട്‌ലറി"നെ അടിസ്ഥാനമാക്കി

എഴുതിയിട്ടുള്ള ഒരു പ്രഹസനം.

പ്രഭാഷണം

(ചരിത്രസംഗ്രഹം)

കെ. നി. മൂ. സ. ബ. മാണിക്കത്തനാർ.

തോമാശ്ലീഹായ്ക്കു എന്ന നാമധേയം കൊണ്ടതെന്നു അദ്ദേഹം അക്കാലത്തു കൂടിയിരുന്ന ഒരു അംഗമാണെന്നു വിശദമാണല്ലൊ. ലോബ്ബാർഡിയിലെ രാജകുമാരനാൽ സ്ഥാപിതമായ നെയ്പ്പിൾസിലെ അക്കാദമിയോടു സിസിലിയിലേയും അറാഗോണിലേയും രാജാക്കന്മാരോടും, ഫ്രാൻസിലെ വിദ്യയിസ് രാജാവിനോടും, യൂറോപ്പിലെ മറ്റു പല രാജകുടുംബങ്ങളോടും സംബന്ധമായിരുന്നു. തോമായുടെ പിതാമഹി ജർമ്മനിയിലെ ഫ്രെഡറിക് പ്രഥമന്റെ സഹോദരിയാകയാൽ അദ്ദേഹം ആ ചക്രവർത്തിയുടെയും ഫ്രാൻസിലെ ചക്രവർത്തിയുടെയും ഫ്രെഡറിക് ദ്വിതീയന്റെയും അടുത്ത ചാർച്ചക്കാരനെന്നു. അക്കാദമിയുടെ പ്രഭവും ലോറേത്തിന്റെയും ബൽക്കാസ്സ്രായുടെയും നായകനുമായിരുന്ന വിശുദ്ധന്റെ പിതാവായ ലാൻഡുഫ്. മാതാവായ തിയോഡോറായുടെ തിയറു പ്രഭവിന്റെ പുത്രിയുമായിരുന്നു.

1226-ന്റെ അവസാനത്തിലാണ് ഈ വിശുദ്ധൻ ജനിച്ചതു. അഞ്ചു വയസ്സായിരിക്കെ പഠിക്കുവാനായി മൊണ്ടെകസ്സിനൊ ആശ്രമത്തിൽ അയക്കപ്പെട്ടു. അവിടത്തെ പഠനം പൂർത്തിയായശേഷം നെയ്പ്പിൾസിലേക്കു പോകുന്നതിനുമുമ്പു് സ്വമാതാവിനോടുകൂടി ലോറേത്തിൽ കുറേനാൾ താമസിക്കയുണ്ടായി. തോമാ അവിടെ സകലരുടേയും ആശ്ചര്യവിഷയമായിരുന്നു. ഭരിക്കുക് ധർമ്മം കൊണ്ടുപോയിക്കൊടുക്കുന്നതിലും കൊടുപ്പിക്കുന്നതിനു പ്രയാർശ ചെയ്യുന്നതിലും അസാമാന്യമായ ഉത്സാഹമാണു് അദ്ദേഹം പ്രദർശിപ്പിച്ചിരുന്നതു്. സാധുക്കളെ സഹായിക്കുന്നതിനായി ശതോപായങ്ങൾ അദ്ദേഹം പ്രയോഗിച്ചിരുന്നു. സ്വന്ത ഭക്ഷണപദാർത്ഥങ്ങൾക്കുടി അവക്കു പ്രദാനംചെയ്തിരുന്നിട്ടില്ല. ഈ വസ്തുത പിതാവറിഞ്ഞപ്പോൾ യഥേഷ്ടം എന്തും പ്രദാനം ചെയ്യുകൊള്ളുന്നതിനു് അദ്ദേഹം തോമായ്ക്കു അനുവദിക്കയുണ്ടായി. നെയ്പ്പിൾസിലെ പഠനകാലം മുഴുവൻ, ദാനിയേൽ ബാബേലിലും ശദ്രാക്കിയാസ് മിസായേലിലും എന്നപോലെ, പ്രാർത്ഥനയിലോ ഉപകാരമുള്ള മറ്റു വേലകളിലോ മാത്രമാണു് അദ്ദേഹം സമയം വിനിയോഗിച്ചിരുന്നതു്. അസംഖ്യം കൂട്ടികളുടെ മദ്ധ്യസ്ഥനായിരുന്നാലും തോമാ എപ്പോഴും ദൈവചിന്തയിൽ നിമഗ്നനായി കാണപ്പെട്ടിരുന്നു. അല്പമായിട്ടേ സംസാരിച്ചിരുന്നുള്ളു. അതു് കാര്യത്തിൻ പറയുവിധത്തിലുമായിരുന്നു. ബാല്യപ്രായത്തിനു സഹജമായ അക്ഷമ, കോപം, അസൂയ, ഭീരുത്വമായ മനക്ഷോഭങ്ങളൊന്നും അദ്ദേഹത്തെ സ്പർശിക്കുകയോ

ലും ചെയ്തിട്ടില്ല. അദ്ദേഹത്തിന്റെ മുഖപ്രസന്നതയും, സ്വഭാവത്തിന്റെ മാറ്റമില്ലായ്കയും, വിനയവും, മധുരശീലവും ദൈവത്തിന്റെ പ്രത്യേകാനുഗ്രഹങ്ങൾക്കു് അദ്ദേഹം പാത്രീഭവിച്ചിരിക്കുന്നുവെന്നു വെളിപ്പെട്ടത്തി. ഹാദർ പീറർ മാർട്ടിൻ അലങ്കാരവും, അക്കാലത്തെ മഹാശാസ്ത്രികളിൽ ഒരുവനായ ഫാദർപീറർഹിബേർനിയാ തത്വശാസ്ത്രവും തോമായേ പഠിപ്പിച്ചു. ഈ വിദ്യാർത്ഥിക്കു് പഠനത്തിലുണ്ടായ അഭിവൃദ്ധി അത്ഭുതകരമായിരുന്നു. ഗുരു ക്ലാസ്സിൽവിവരിക്കുന്നപാഠം അതിൽ വളരെ വ്യക്തമായി ശിഷ്യൻ പഠിച്ചു പറഞ്ഞിരുന്നു. വായിക്കുക, മനസ്സിലാക്കുക, ഓർമ്മിക്കുക, ഇവമൂന്നും അദ്ദേഹത്തിനു് ഒരേപ്രവൃത്തിമാത്രമാണു് ആയിരുന്നതു്. വിശുദ്ധനായ ആ ബാലൻ സുകൃതാഭ്യസത്തിലാണു് പ്രധാനമായി ശ്രദ്ധപതിച്ചിരുന്നതു് എന്നു് വിശേഷിച്ചു പറയേണ്ടതില്ല.

സ്വയമേ ദൈവത്തിനു് പ്രതിഷ്ഠിക്കേണ്ടതിന്നായി വി. ഡോമിനിക്കിന്റെ സഭയിൽ പ്രവേശിക്കുന്നതിനു് തോമാ തീർച്ചയാക്കി. ഈവസ്തുത അറിഞ്ഞിരുന്ന അദ്ദേഹത്തിന്റെ അദ്ധ്യാപകൻ ലാൻഡുൾഫ് പ്രഭുവിനോടു സംഗതി വെളിപ്പെടുത്തുകയുണ്ടായി. പ്രഭു ആകട്ടെ ചതുരുപായങ്ങൾ പ്രയോഗിച്ചു് തോമായുടെ മനസ്സുമറിക്കുവാനാണു് ശ്രമിച്ചതു്. നമ്മുടെ വിശുദ്ധബാലൻ അതിനൊന്നും വഴിപ്പെടാതെ പതിനേഴാമത്തെ വയസ്സിൽ നെയ്പ്പിൾസ് രാജ്യത്തിൽചേർന്നു് 1243-ൽ സഭാവസ്ത്രംധരിച്ചു. അദ്ദേഹത്തിന്റെ മാതാവായ തിയൊഡോറാ മകന്റെ ഉദ്യമം വിഫലീഭവിപ്പിക്കണമെന്ന ദൃഢനിശ്ചയത്തോടുകൂടി നെയ്പ്പിൾസിലേക്കു പുറപ്പെട്ടു. അതറിഞ്ഞു് തോമായുടെ അപേക്ഷാനുസരണം സഭാധികൃതന്മാർ അദ്ദേഹത്തെ പാരീസിലേക്കു് സ്ഥലം മാറ്റി. തോമായുടെ സഹോദരന്മാരായ ലാൻഡുൾഫും റെയ്നോൾഡും സൈന്യത്തിൽ ചക്രവർത്തിയുടെ സേനാനായകന്മാരായിരുന്നു. തിയൊഡോറായുടെ ഹിതം അനുസരിച്ചു് അവർ സകലവഴികളിലും കാവൽ വയ്ക്കയാൽ ആകപാപെൽഡെൻറ് എന്ന സ്ഥലത്തുവെച്ചു് തോമാ അവരുടെ കൈകളിൽ പെടുന്നതിനിടയായി. അദ്ദേഹത്തിന്റെ സഞ്ചാരസ്വാതന്ത്ര്യം അഴിച്ചുനിർത്തുന്നതിനു് അവർ ഉദ്യമിച്ചുകിലും ബലമായ പ്രതിരോധംമൂലം അതു സാധിച്ചില്ല. അതിനാൽ സന്ന്യാസവസ്ത്രങ്ങളോടുകൂടിത്തന്നെ അവരുടെ പിതൃഗൃഹമായ "റോക്കാസെക്കാ"യിലേക്കു് അദ്ദേഹത്തെ അവർ കൊണ്ടുപോയി. മകന്റെ നിശ്ചയം മാറ്റുന്നതിനു് തിയൊഡോറാ ചെയ്ത പ്രയത്നങ്ങളെല്ലാം വിഫലീഭവിച്ചതുകൊണ്ടു് അവൾ കോപാക്രാന്തയായി അദ്ദേഹത്തെ പൂർവ്വാധികം ബന്ധനസ്ഥനാക്കി. തോമായുടെ ജ്യേഷ്ഠസഹോദരികൾക്കുമാത്രമല്ലാതെ അദ്ദേഹത്തോടു സംസാരിക്കുന്നതിനു് മറ്റാർക്കും അനുവാദം നൽകിയിരുന്നില്ല. തോമായേ വശഗനാക്കുവാൻ സർവ്വശക്തികളോടുംകൂടെ അവരിരുവരും പ്രയത്നിച്ചെങ്കിലും അവർ അദ്ദേഹത്തെയല്ല, അദ്ദേഹം അവരെയാണു് ജയിച്ചതു്. അവരിരുവരും ഭക്തജീവിതത്തിനു് ഒരുമ്പെട്ടു; എന്നുമാത്രമല്ല ജ്യേഷ്ഠസഹോദരി പിന്നീടു് കന്യകാമഠത്തിൽ ചേരുകയുംചെയ്തു. ഈ ഏകാന്തവാസം തോമായിക്കു് ധ്യാനങ്ങൾക്കു് വളരെ സൗകര്യപ്രദമായിരുന്നു. സഹോദരിമാർ ഒരിക്കൽ വേദപുസ്തകവും, അരിസ്റ്റോട്ടലിന്റെ തർക്കശാസ്ത്രവും (Logic) വാക്യാധിപന്റെ കൃതികളും (Works of the Master of Sentences) തോമായിക്കു് അ

യച്ചുകൊടുത്തു. ലാൻഡുൽഫും, റെയിനോൾഡും പട്ടാളത്തിൽനിന്നും മടങ്ങിയെത്തിയപ്പോൾ തോമായെ കിഴ്പ്പെടുത്തുവാൻതന്നെ തീർച്ചയാക്കി. കൊട്ടാരംവക ഒരു ഗോപുരത്തിൽ അദ്ദേഹത്തെ ബന്ധനസ്ഥനാക്കുകയും കൂപ്പായത്തിന്റെ പുറം വലിച്ചുകീറുകയും ഭിഷണികൾ പ്രയോഗിക്കുകയും ചെയ്തു. ഇതൊന്നുകൊണ്ടും ഫലമില്ലെന്നുകണ്ട് കേവലം പൈശാചികമായ ഒരു മാർഗ്ഗംകൂടി അവർ പ്രയോഗിച്ചു. തോമായേ പാപത്തിലുൾപ്പെടുത്തുന്നതായാൽ വലുതായ സമ്മാനം കൊടുത്തുകൊള്ളാമെന്നുള്ള ഉടമ്പടിയോടുകൂടി വേശ്യയായ ഒരു യുവതിയെ അദ്ദേഹത്തിന്റെ മുറിയിൽ രഹസ്യമായി പ്രവേശിപ്പിച്ചു. വിശുദ്ധനാകട്ടെ ദൈവസഹായം പ്രാർത്ഥിച്ച് ഒരു തീക്കൊള്ളികൊണ്ട് അവളെ കുത്തിയോടിക്കയാണു ചെയ്തത്. അനന്തരം മുട്ടുകുത്തി ദൈവത്തിന്റെ സംരക്ഷണത്തെപ്പറ്റി നന്ദിപറയുകയും കന്യാത്വത്തെ പുനശ്ച വാഗ്ദാനംചെയ്യുകയും അതിനേ നിർഭംഗം പരിരക്ഷിക്കുവാൻവേണ്ട സഹായം പ്രാർത്ഥിക്കുകയുംചെയ്തു. ഉടനെ അദ്ദേഹം ഒരു ഉറക്കത്തിൽവീഴുവോ രണ്ടു ദൈവദൂതന്മാർവന്ന് കയറുകൊണ്ട് അദ്ദേഹത്തിന്റെ അര വരിഞ്ഞുകെട്ടി. നിലവിളിയോടുകൂടി അദ്ദേഹം ഉണർന്നപ്പോൾ കാവൽക്കാർ ഓടിയെത്തിയെങ്കിലും കാര്യം അവരിൽനിന്നു ഗോപനംചെയ്യുകയാണു ഉണ്ടായത്. ഇതുമുതൽ മരണപര്യന്തം മാംസേച്ഛകൾതന്നെ ആക്രമിക്കയുണ്ടായിട്ടില്ലെന്ന് വി. തോമാ മരണസമയത്തു കൂടെസ്സാരക്കാരനോടു അറിയിക്കുകയുണ്ടായി.

വിശുദ്ധൻ കാരാഗൃഹത്തിൽ പന്ത്രണ്ടുമാസം ഞെരുക്കങ്ങൾ സഹിച്ചു. രണ്ടുവത്സരമെന്നു പറയുന്ന ചരിത്രകാരന്മാരുമുണ്ട്. ഒടുവിൽ നാലാം ഇന്നൊസെൻറ് മാർപ്പായും ഹെറോഡരിക്കു ചക്രവർത്തിയും ഇടപെടുകമൂലം പ്രഭുവിയുടേയും ഭാര്യാക്കന്മാരുടേയും ഔജ്ജിത്യം കുറഞ്ഞുവരുവായി. രക്ഷപ്പെടുന്നതിനു വല്ലവഴിയും നോക്കുന്നെങ്കിൽ ആയിക്കൊള്ളട്ടെ എന്നായിരുന്നു പ്രഭുവിയുടെ ഭാവം. നെയ്പ്പിൾസിലെ ഡൊമിനിക്കൻ സന്ന്യാസികൾ ഈ വസ്തുതയറിഞ്ഞു വേഷപ്രച്ഛന്നരായി മറുക്കാരുടെ സഹായത്തിൽ എത്തിക്കഴിഞ്ഞു. അമ്മയുടെ മനഃസ്ഥിതിയറിഞ്ഞ സഹോദരിമാർ തോമായെ ഗോപുരമുകളിൽനിന്നും കൊട്ടുവഴിയിറക്കുന്നതിനുവേണ്ട ഒത്താശകളും ചെയ്തു. ഇങ്ങനെബന്ധനവിമുക്തനായി നെയ്പ്പിൾസിൽ എത്തിയ തോമാ അടുത്തയാണ്ടിൽ അവിടെ വച്ചുതന്നെ സന്ന്യാസവ്രതങ്ങൾ അനുഷ്ഠിച്ചു.

അനന്തരം പഠനങ്ങൾ പൂർത്തിയാക്കുവാനായി നമ്മുടെ വിശുദ്ധൻ കൊളോനിലേക്കു അയക്കപ്പെട്ടു. മഹാനായ ആൽബെർട്ടിനായിരുന്നു അദ്ദേഹത്തിന്റെ ഗുരുസ്ഥാനം വഹിക്കുവാൻ ഭാഗധേയം സിദ്ധിച്ചതു. പഠനത്തിൽ തോമായിക്കണ്ടായ അഭിവൃദ്ധി അദ്ദേഹത്തിന്റെ വിനയാതിരേകംമൂലം സഹപാഠികൾക്കു മനസ്സിലാക്കുവാൻ സാധിച്ചില്ല. പാഠങ്ങളൊന്നും അദ്ദേഹത്തിനു മനസ്സിലാകുന്നില്ലെന്നുകൂടി അവർ കരുതിയിരുന്നു. തോമാ മൌനിയായിരുന്നതിനാൽ "ഊമൻകാള" "സിസിലിയിലെ പൊണ്ണൻകാള" എന്നാക്കെയാണു അദ്ദേഹത്തെപ്പറ്റി അവർ പറഞ്ഞിരുന്നതു. സഹപാഠികളിൽ ഒരുത്തൻ പാഠം പറഞ്ഞുകൊടുക്കാമെന്നു പറഞ്ഞസമയം തോമാ കൃതജ്ഞതയോടും, ശ്രദ്ധയോടും അതു ശ്രവിച്ചതെയുള്ളൂ. യഥാർത്ഥത്തിൽ അവനെ പഠിപ്പിക്കുവാൻ വേ

ണ്ടായിരുന്നു. അപ്പോൾ ഉണ്ടായിരുന്നു. വിഷമതരമായിരുന്നതും നിഗൂഢവുമായ പലകാര്യങ്ങളെപ്പറ്റി ആൽബെർട്ടു് ചെയ്ത ചോദ്യങ്ങൾക്കു് അവശ്യം പറയേണ്ടിവന്ന ഉത്തരങ്ങൾമൂലം തോമായുടെ ബുദ്ധിവികാസവും, അഗാധമായഗ്രഹണശക്തിയും വിജ്ഞാനവും വെളിപ്പെട്ടുപോയി. "നാം അവനെ 'ഉമൻകാള' എന്നു വിളിക്കുന്നു; എന്നാൽ ശാസ്ത്രീയമായി അവന്റെ സ്വരം ലോകത്തിന്റെ പ്രതിധ്വനികളിലും മുഴങ്ങും" എന്നാണു് ആശ്ചര്യപരതന്ത്രനായ ആൽബെർട്ടു് ഒരവസരത്തിൽ പ്രസ്താവിച്ചതു്. ആൽബെർട്ടു് പാരീസിലെ അദ്ധ്യാപകനായി നിയമിക്കപ്പെട്ടപ്പോൾ തോമായും പഠനം പൂർത്തിയാക്കേണ്ടതിനായി അവിടേക്കു അയയ്ക്കപ്പെട്ടു. വിഷമതയേറിയ കാര്യങ്ങൾ വായനകൊണ്ടു എന്നതിൽ കൂടുതലായി പ്രാർത്ഥനകൊണ്ടാണു് പുണ്യവാൻ പഠിച്ചിരുന്നതു്. പുസ്തകങ്ങളിൽനിന്നും പഠിച്ചതിലധികം കാര്യങ്ങൾ കൂരിശുരൂപത്തിന്റെ മുമ്പിൽവച്ചും ബലിപീഠത്തിന്റെ മുമ്പിൽവെച്ചും ആണു് താൻ പഠിച്ചതെന്നു് ദിവ്യജ്ഞാനതന്നെ സമ്മതിച്ചുപറയുന്നുണ്ടു്. 1248-ൽ 22-മത്തെ വയസ്സിൽ കൊളോനിൽ ഒരദ്ധ്യാപകനായി നിയമിക്കപ്പെടുകയും നാലു വത്സരങ്ങളുടെശേഷം 1252-ൽ പാരിസിലേക്കു് സ്ഥലം മാറ്റപ്പെടുകയും ചെയ്തു. 1257-ൽ തന്റെ 31-മത്തെ വയസ്സിൽ വിശുദ്ധൻ പണ്ഡിതസ്ഥാനം സ്വീകരിച്ചതു് അജ്ഞാനസരണവ്രതത്തിന്റെ ശക്തികൊണ്ടു മാത്രമാണു്. വിശുദ്ധകർമ്മാനയിൽ നിറം, വിസ്തീർണ്ണത, ആദിയായവ യഥാർത്ഥത്തിൽ സ്ഥിതിചെയ്യുന്നു എന്നും, അല്ല, അങ്ങനെ കാണപ്പെടുന്നതു മാത്രമേയുള്ളു എന്നും പാരിസ്സു് സർവകലാശാലയിലെ പണ്ഡിതന്മാരുടെ ഇടയിൽ ഉണ്ടായ അഭിപ്രായഭിന്നത തീർക്കുന്നതിലേക്കു് തോമായുടെ തീരുമാനം അവസാനവിധിയായി അവർ കരുതിയെന്നുള്ള ഒരു സാഭവത്തിൽനിന്നു് എത്രവലിയ ബഹുമാനമാണു് അവർക്കു് അദ്ദേഹത്തെപ്പറ്റിയുണ്ടായിരുന്നതു് എന്നു് പ്രസ്പഷ്ടമാകുന്നു. ഫ്രാൻസുരാജാവായ വി. ലൂയിസു് രാജ്യകാര്യങ്ങളിൽ വി. തോമായോടു് ആലോചന ചോദിച്ചിരുന്നു. ആലോചനാസംഘത്തിൽ വരുവാനിരുന്ന ഗുരുതരങ്ങളായ സംഗതികളെപ്പറ്റി വേണ്ടയാലോചന നൽകേണ്ടതിനായി തലേദിവസം സായംകാലത്തുതന്നെ കാര്യം വിശുദ്ധ തോമായെ അറിയിക്കുകരാജാവിന്റെ ഒരു മുറയായിട്ടാണു് തിന്നിരുന്നതു്. ഈയവസരങ്ങളിലെല്ലാം രാജാവിനോടുകൂടി ഭക്ഷണം കഴിക്കുന്നതിനു ക്ഷണിക്കപ്പെട്ടാലും അദ്ദേഹം ഒഴിഞ്ഞുമാറുകയേ ചെയ്തിരുന്നുള്ളു. (തുടരും)

പരസ്യം.

പള്ളിആവശ്യമുള്ള നല്ലതേൻമെഴുകു് ശുദ്ധിചെയ്യാത്തതും ചെയ്തതുമായ കട്ടികളും ഏതുതരത്തിലുള്ള തിരികളും ഉത്തരവാദിപ്പെട്ടോട്ടുകൂടി മിതമായ വിലയ്ക്കു് വില്പാൻ തയാറുണ്ടു്. കൂടാതെ പ്രത്യേകആഡർ തന്നിരുന്നാൽ താണതരത്തിലുള്ള മരക്കു വരുത്തി കൊടുക്കാവുന്നതാണു്. എന്നു്

റവ. ജെ. തോമസു് തട്ടാപറമ്പിൽ,
കിഴതടിയൂർ, പാലാ.

(340-ാംപേജിന്റെ തുടർച്ച)

കാണാൻ കഴിയുന്ന കണ്ണ മാത്രമേ വെളിച്ചത്തിന്റെ മഹിമയേ അറിയുന്നുള്ളു. അതുപോലെതന്നെ സത്യത്തെ ഗ്രഹിക്കാൻ കഴിയുന്ന ഹൃദയത്തിനു മാത്രമേ ദൈവവചനത്തിന്റെ മഹിമയെ ഗ്രഹിക്കാൻ കഴികയുള്ളു."

ഇതിങ്കൽ, അപ്പല്ലോണിയോസു് പറയുന്നതു അഗാധസത്യമാണെന്നു താൻതന്നെ വിചാരിക്കുന്നു എങ്കിലും, മറുള്ളവരെ അപമാനിക്കയാണു അപ്പല്ലോണിയോസു ചെയ്യുന്നതെന്നു അടുക്കൽനിന്ന ഒരു തത്വജ്ഞാനി പറഞ്ഞു. അപ്പോൾ അപ്പല്ലോണിയോസു് ഇപ്രകാരം പറഞ്ഞു. "ഞാൻ പ്രാത്ഥിക്കാൻ അല്ലാതെ ആരെയും അപമാനിക്കാൻ പഠിച്ചിട്ടില്ല. സത്യത്തെ പ്രസ്താവിക്കുന്നതു അപമാനിക്കയാണെന്നു ബുദ്ധിശൂന്യന്മാക്കു മാത്രമെ തോന്നുകയുള്ളു." തന്റെ അത്ഥം വിശദമാക്കിപ്പറയണമെന്നു ന്യായാധിപതി അപ്പല്ലോണിയസ്സിനോടു ആവശ്യപ്പെട്ട നമ്മുടെ സത്യവിശ്വാസത്തിന്റെ അതിശ്രേഷ്ഠവും പ്രസ്പഷ്ടവുമായ ഒരു വിശദീകരണമാണു അപ്പല്ലോണിയസ്സു് അപ്പോൾ ന്യായാധിപതിക്കു പറഞ്ഞുകൊടുത്തതു. അതു ഇപ്രകാരമാണു:—"മനുഷ്യരുടെ ആത്മാക്കളെയും ശരീരങ്ങളെയും സൃഷ്ടിക്കുന്ന ദൈവവചനം—നമ്മുടെ ദിവ്യരക്ഷകനായ യേശുക്രിസ്തു—യഹൂദ്യദേശത്തു മനുഷ്യനായി ജനിച്ചു. പൂർണ്ണനീതിയും ദൈവജ്ഞാനവും കൊണ്ടു നിറഞ്ഞിട്ടു ദൈവം എങ്ങനെയുള്ളവനാണെന്നും, മനുഷ്യനെ സാമൂഹ്യാവസ്ഥയിൽ ഉയർത്തുന്നതായ പുണ്യങ്ങളുടെയെല്ലാം ആത്യം എന്താണെന്നും അവൻ സ്നേഹത്തോടുകൂടി ഞങ്ങളെ പഠിപ്പിച്ചു. അവന്റെ പീഡാനുഭവംകൊണ്ടു പാപത്തെ അതിന്റെ ആരംഭത്തിൽതന്നെ നശിപ്പിക്കാൻ അവൻ ഞങ്ങൾക്കു ശക്തിതന്നു. കോപത്തെ അടക്കുന്നതിനും, അഭിലാഷങ്ങളെ നിയന്ത്രിക്കുന്നതിനും, സുഖഭോഗങ്ങളെ അമർത്തുന്നതിനും അവൻ ഞങ്ങളെ പഠിപ്പിച്ചു. ദുരിതാവസ്ഥയിൽ ഇരിക്കുന്നവരെ ആശ്വസിപ്പിക്കുന്നതിനും, ഔദാര്യബുദ്ധികാണിക്കുന്നതിനും, സ്നേഹത്തെ വർദ്ധിപ്പിക്കുന്നതിനും, നിഗളത്തെ കിഴ്പെടുത്തുന്നതിനും, പ്രതിക്രിയ ചെയ്യാതിരിക്കുന്നതിനും, മരണത്തെ — കുറ്റം ചെയ്തതിനു ശിക്ഷിക്കപ്പെട്ടപ്പോൾ അല്ല, എന്നാലോ മറുള്ളവരുടെ അനീതിപ്രവൃത്തിക്കുവേണ്ടി, ക്ഷമയോടുകൂടി മരണം കൈവരിക്കേണ്ടിവരുമ്പോൾ—തുണവർഗണിക്കുന്നതിനും അവൻ ഞങ്ങൾക്കു ഉപദേശിച്ചു തന്നിട്ടുണ്ടു്.

അവൻ ഞങ്ങൾക്കു തന്നിട്ടുള്ള നിയമങ്ങൾ അനുസരിച്ചു രാജാവിനെ ബഹുമാനിക്കുന്നതിനും, അമർത്യനായ ദൈവത്തെ—അവനെ മാത്രം ആരാധിക്കുന്നതിനും, ഞങ്ങളുടെ ആത്മാവുകൾ അമർത്യങ്ങളാണെന്നു വിശ്വസിക്കുന്നതിനും, മരണത്തിനുശേഷം ജയവിധിയെ നോക്കിപ്പാർക്കുന്നു

തിനും, നന്മയായി ഈലോകത്തിൽ ജീവിച്ചവർക്ക് അവരുടെ കഷ്ടതകൾക്കും ദൈവം കൊടുക്കാനിരിക്കുന്ന പ്രതിഫലത്തെ വാഞ്ഛിക്കുന്നതിനും അവൻ ഞങ്ങളെ പഠിപ്പിച്ചിട്ടുണ്ട്. ഈ സംഗതികൾ എല്ലാം നല്ലവിശദമായി അവൻ ഞങ്ങളെ പഠിപ്പിച്ചിട്ടുണ്ട്. ഈ തത്വങ്ങൾ മനോബോധ്യം വരുത്തുന്ന ന്യായങ്ങളും അവൻ ഞങ്ങൾക്ക് പറഞ്ഞുതന്നിട്ടുണ്ട്. അവന്റെ യോഗ്യതയുള്ളതക്കമഹിമയും അവൻ പ്രാപിച്ചു. എന്നാൽ അവനു മുമ്പുണ്ടായ നീതിമാന്മാർക്കും തത്വജ്ഞാനികൾക്കും ഭവിച്ചതുപോലെ ദുഷ്ടന്മാരുടെ അസൂയ അവൻ സമ്പാദിച്ചു. "നീതിമാൻ നമുക്കു വേണ്ടിയല്ലാ നില്പാൻ കയാൽ അവനു വേണ്ടി നമുക്കു പതിയിരിക്കാം" എന്നു മൂഢന്മാർ പഴമൊഴിയിൽ പറയുന്നതുപോലെ അവനു ഭവിച്ചു. (ഈ ഉദ്ധരണി വിജ്ഞാനത്തിന്റെ പുസ്തകത്തിൽ നിന്നാകുന്നു.) എന്നുമാത്രമല്ല യവനന്മാരിൽ ഒരുവൻ ഇപ്രകാരം പറയുന്നു.- "നീതിമാൻ അടിക്കപ്പെടുകയും, ഉപദ്രവിക്കപ്പെടുകയും, കെട്ടപ്പെടുകയും, അവന്റെ കണ്ണു ചൂഴത്തെടുക്കപ്പെട്ടു അവൻ ക്രൂശിക്കപ്പെടുകയും ചെയ്യും." (ഈ ഉദ്ധരണി പ്ലേറ്റോയുടെ റിപ്പബ്ലിക്ക എന്നപുസ്തകത്തിൽ നിന്നാകുന്നു.) ആതൻസിലെ ഏഷണിക്കാർ ജനസാമാന്യത്തെ തെറ്റിദ്ധരിപ്പിച്ചു സൊക്രട്ടീസിനെ അനീതിയായിട്ടു കൊല്ലിച്ചതുപോലെ ദുഷ്ടന്മാർ സംഘംചേർന്നു മുമ്പുണ്ടായിരുന്ന പ്രവാചകന്മാരെ കൊന്നതുപോലെ, ഞങ്ങളുടെ നാഥനും രക്ഷകനുമായ അവനെയും കൊന്നുകളഞ്ഞു.....അവനിൽ നിന്നു, മുമ്പുകേട്ടിട്ടില്ലാത്ത ഉൽകൃഷ്ടമായ കല്പനകൾ ഞങ്ങൾ പഠിച്ചിട്ടുള്ളതുകൊണ്ടും, അവരുടെ മിഥ്യോപദേശങ്ങൾ അല്ലാത്തതുകൊണ്ടും ഞങ്ങൾ അവനെ ബഹുമാനിച്ചു പൂജിപ്പാൻ ബദ്ധപ്പെട്ടു. എന്നാൽ നിങ്ങൾ പറയുന്നതുപോലെ അവന്റെ ഉപദേശങ്ങൾ അതായതു, ആത്മാവു അമർത്യമാണെന്നും, മരണത്തിനുശേഷം ഒരു ന്യായവിധി ഉണ്ടെന്നും, ഉയർത്തെഴുനേല്പിനുശേഷം നീതിമാന്മാർക്കു പ്രതിഫലമുണ്ടെന്നും, അതിന്റെ വിധികർത്താവു ദൈവമാണെന്നും ഉള്ള അവന്റെ ഉപദേശങ്ങൾ മിഥ്യോപദേശങ്ങൾ ആണെങ്കിൽ, അങ്ങനെയുള്ള മിഥ്യോപദേശങ്ങൾ അനുസരിച്ചു ജീവിതത്തെ നയിക്കണമെന്നു ഞങ്ങൾ അതിസന്തോഷമായി ആഗ്രഹിക്കുന്നു. എന്തെന്നാൽ ഈലോകത്തിൽ നന്മചെയ്തു കഷ്ടതസഹിച്ചുകൊണ്ടു, വരുവാനിരിക്കുന്ന ലോകത്തിൽ പുതിയജീവനെ കാംക്ഷിച്ചുകൊണ്ടു അതിനായി കാത്തിരിപ്പാൻ അവ ഞങ്ങൾക്കു പ്രേരകങ്ങളാകുന്നു."

ജപമാലസഖ്യം.

ഫെബ്രുവരി മേയ് മാസത്തിലെ പൊതുനിയോഗം.

ദൈവജനനിയുടെ വിമലഹൃദയത്തിലുള്ള മനഃശരണം.

കുഞ്ഞുങ്ങൾക്കു് തള്ളമാരിലുള്ള മനഃശരണം അവരുടെ സർവ്വവിജയത്തിനും നിദാനമായി കരുതാവുന്നതാണു്. എന്തൊവശ്യമായിരുന്നാലും കുഞ്ഞുങ്ങൾ അവയെ തള്ളമാരോടറിയിക്കുന്നു. തള്ളമാർ വഴിയായി എല്ലാം അവൎക്കു സാധിച്ചുകിട്ടുകയും ചെയ്യുന്നു. സന്തോഷത്തിലാകട്ടെ സങ്കടത്തിലാകട്ടെ, തള്ളമാരെത്തെ അവരുടെ ഏകാവലംബം. തങ്ങൾ തെറ്റുചെയ്യുന്ന അവസരങ്ങളിൽ, പിതാവിന്റെ കോപത്തേയും ശിക്ഷയേയും ഓൎത്തു് ഒരുവേള നിരാശരായാൽത്തന്നെയും, തള്ളയുടെ മാതൃസ്നേഹത്തിൽ ബലമായ ശരണമുള്ളപക്ഷം, ഒട്ടും അധൈൎയ്യപ്പെടാതെ അവർ അവളിൽ അഭയം പ്രാപിക്കയും ആവഴിക്കു് തണുപ്പുണ്ടായി എല്ലാം ശരിപ്പെടുകയുംചെയ്യാറുണ്ടല്ലൊ. പകലത്തെ സൂൎയ്യാതപമേറ്റവരെ രാത്രിയിൽ തണുപ്പിക്കുന്ന പന്ത്രണ്ടാടാണു്, ആകയാൽ, മറിയത്തെ ഉപമിക്കാവുള്ളതു്. ലൗകികമാതാക്കൾക്കു് തങ്ങളുടെ മക്കളോടുള്ള ആർദ്രത, സ്വാഭാവികമായ നിൎമ്മല ക. മറിയത്തിനു് നമ്മോടുള്ള സ്നേഹാർദ്രതയുടെ കേവലം നിഴലുപോലുമാകുന്നില്ല. ആത്മികമെന്നോ ശാരീരികമെന്നോ യാതൊരു തരംതിരിവുംകൂടാതെ, സകല ആവശ്യങ്ങളിലും നമുക്കു് തൻറെ മാതൃഹൃദയത്തിൽ സങ്കേതം നൽകുന്നവളാണു് സർവ്വരക്ഷയായ ദൈവജനനി. ലോകത്തിലെ തള്ളമാർ അവരുടെ കുഞ്ഞുങ്ങളെ ഒരുവേള ഉപേക്ഷിച്ചാൽത്തന്നെയും, ഈ സ്വർല്ലോകമാതാവു് അവളുടെ ആശ്രിതരെ കൈവിടുകയില്ല. മറിയത്തിൻറെ ഈ അതിരറ്റ കരുണാവിവിനെ ആധാരമാക്കി അവളിൽ പൂൎണ്ണശരണം ജനിക്കുകയെന്നതു്, ദൈവം ഒരാൾക്കു നൽകുന്ന ഒരു പ്രത്യേക ദാനവും രക്ഷയുടെ നിശ്ചയമുള്ള അടയാളവും ആകുന്നു. ഒരാൾ എത്രവലിയ പാപിയായിരുന്നാലും, മറിയത്തിൻറെ സോഹസംപൂരിതമായ ഹൃദയത്തിൽ മനഃശരണമുണ്ടാകുന്നമാത്രയിൽ, അയാളുടെ ഹൃദയത്തിൽനിന്നു് ഭീതിയും കലക്കവുമെല്ലാം മാറി, ധൈൎയ്യവും സമാധാനവും ഉദിക്കുന്നു. "നക്ഷത്രത്തെ നോക്കുക മറിയത്തെ വിളിക്കുക" മനോമണ്ഡലത്തിൽനിന്നു് അന്ധകാരവും കാർമേഘങ്ങളും അകലുമെന്നാണല്ലൊ വി. ബൎണ്ണാൎദ് നമ്മോടുപദേശിക്കുന്നതു്. ഏതേതു സംഗതിവശാൽ ക്ലേശിച്ചും ആധിപിടിപ്പെട്ടും ഇരിക്കുന്നവരാകട്ടെ, മറിയത്തിൻറെ മടിയിൽ പുത്രനിർവിശേഷമായ മനഃശരണത്തോടുകൂടി ഇരുന്നു് അവളുടെ അലിവേറിയ മാവ്വുത്തു് തലചായിച്ചു്, അവളുടെ മുഖകമലത്തെ ദർശിച്ചുകൊണ്ടു് 'നീ എന്നിക്കമ്മയാകുന്നുവെന്നു കാണിക്കേണമെ' എന്നു പ്രാൎത്ഥിക്കുന്നുവെങ്കിൽ, തൽക്ഷണം ആലസ്യമൊക്കെ തീൎത്തു് ഈ അമ്മ അവരെ

സമാശ്വസിപ്പിക്കാതിരിക്കയില്ല. 'ജാതികളുടെ ഏകശരണം' എന്നു് വിശുദ്ധപള്ളി കന്യകാമറിയത്തെ വിളിക്കുന്നു. ലോകത്തിൽ നാമിക്കുന്നാം വർദ്ധിച്ചുവരുന്ന തിന്മനിമിത്തം കോപിച്ചിരിക്കുന്ന ദൈവപിതാവിൻ പക്കൽ നമുക്കുവേണ്ടി മാദ്ധ്യസ്ഥം പറയുവാൻ, നരകുലമാതാവും സഹരക്ഷകയുമായ മറിയത്തേക്കാൾ കഴിവുള്ളതാരു്? അതിനാൽ നീതിമാന്മാരും പാപികളും ഒന്നുപോലെ പ. ക. മറിയത്തിന്റെ കരുണയിൽ അധികമധികം മനശ്ശരണമുള്ളവരായിത്തീരു്, അവിടുത്തെവഴിയായി ദൈവത്തിൽ നിന്നു് സമാധാനവും രക്ഷയും പ്രാപിപ്പാൻവേണ്ടി 'മറിയമാസ'മായ മേയ്മാസത്തിൽ തിരുഹൃദയഭക്തന്മാർ പ്രത്യേകം പ്രാർത്ഥിക്കണം.

വർത്തമാനക്കുറിപ്പുകൾ.

മിഷൻപ്രവർത്തനം:—ലോകത്തിന്റെ വിവിധഭാഗങ്ങളിലായി 18,000-ലധികം വൈദികരും 9,000-ൽപരം സഹോദരന്മാരും 50,000 സഹോദരികളും അഞ്ഞൂറു ഡിവിഷൻകളിലായി വേദപ്രചാരണത്തിരുസ്സംഘത്തിന്റെ കീഴിൽ മിഷൻപ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നു എന്നു് മുമ്പിലത്തെ ഇൻഡ്യാമഡലിഗറും ഇപ്പോഴത്തെ പ്രൊപ്പഗാന്താതിരുസംഘത്തിന്റെ അദ്ധ്യക്ഷനുമായ കർദ്ദിനാൾ ഫുമസോണിബിയോണ്ടി തിരുമനസ്സുകൊണ്ടു ഒരു പ്രസംഗമദ്ധ്യേ പ്രസ്താവിച്ചിരിക്കുന്നു.

ടിബററിലെ പരസ്നേഹപ്രവൃത്തി.—ഹിമാലയ പർവ്വതത്തിലുള്ള വിശുദ്ധമാലയത്തിലെ സന്യാസിമാർ എവറസ്റ്റ് കൊടുമുടിയുടെ താഴ്വരയിലുള്ള സീലാ എന്നമലയിടുക്കിൽ എത്തിച്ചേർന്നു ഒരാശുപത്രി പണികഴിപ്പിച്ചു നടത്തിവരുന്നുണ്ടു്. ഇപ്പോൾ അവർ പരിശുദ്ധപിതാവിന്റെ പ്രത്യേകാശിസ്സോടുകൂടി യാത്രക്കാർക്കായി ഒരു വിശ്രമമന്ദിരംകൂടി പണികഴിപ്പിക്കുന്നിനു് ആരംഭിച്ചിരിക്കുന്നു. ഇവരുടെ സഹപ്രവർത്തനത്തിനായി ലണ്ടനിൽനിന്നു വിശ്വവിശ്രുതമായ വിശുദ്ധബെർണ്ണാർദിന്റെ ഏതാനും ശ്രാക്കളോടുകൂടി ഒരു സംഘം സന്യാസിമാർ ടിബററിലേക്കു തിരിച്ചിട്ടുള്ളതായും കാണുന്നു.

ഒരസാധാരണബഹുമതി:—വെസ്റ്റ്മിനിസ്റ്ററിലെ മെത്രാപ്പോലീത്തായ ഡാക്ടർ ഹെൻസ്ലിതിരുമനസ്സിലേക്കു ലണ്ടൻയൂണിവേഴ്സിറ്റിയിൽനിന്നും "ഡി. ഡി" (ഡിവിനിറ്റി) എന്ന ഉന്നതമായ ഡിഗ്രി പ്രദാനം ചെയ്തിരിക്കുന്നു. ലണ്ടനിലെ ഒരു പ്രൊട്ടസ്റ്റാന്റുയൂണിവേഴ്സിറ്റി ഒരു കത്തോലിക്കാ വൈദികാദ്ധ്യക്ഷനു ബഹുമാനപുരസ്സരം ഡിഗ്രിപ്രദാനംചെയ്യുന്നതു് ഇതാദ്യമായിട്ടാണു്.

ആതുരസംരക്ഷണം:—ഏഷ്യാ, ആഫ്രിക്കാ, പാസിഫിക്ദ്വീപുകൾ എന്നിവിടങ്ങളിലേ 3,300 കത്തോലിക്കാ ആസ്പത്രികളിലും ഡിസ്പെ

ൻസറികളിലുമായി രണ്ടുകോടി അറുപതുലക്ഷത്തിൽപരം രോഗികളും ഇക്കഴിഞ്ഞകൊല്ലം ചികിത്സിക്കപ്പെട്ടിരിക്കുന്നതായി കാണുന്നു.

ഒരു മാതൃകാസംരംഭം: — യൂറോപ്യൻരാജ്യങ്ങളിൽ വൈദികവിദ്യാർത്ഥികളുടെ സഹായാർത്ഥം ധനശേഖരം ചെയ്യുന്നതിനു ചില സംരംഭങ്ങളുണ്ടു്. ലിവർപൂളും അതിരൂപതയിലെ "എക്ലേസിയാസ്റ്റിക്കൽ എഡ്യൂക്കേഷൻഫണ്ടു്" അപ്രകാരമുള്ളഒരു സംരംഭത്തിൻെറ ഫലമാണു്. ഇക്കഴിഞ്ഞ കൊല്ലം അവിടെ ഈ ഇനത്തിൽ 6,400 പവൻ 12 ഷില്ലിംഗു 3 പെൻസു പിരിഞ്ഞിരിക്കുന്നു. കേരളത്തിലെ രൂപതകൾക്കു് ഈ പുതിയ പ്രവർത്തനം ഒരു മാതൃകയായിരിക്കാം.

വിശേഷാൽപ്രതി: — വർത്തിക്കാനിൽവച്ചു നടക്കുന്ന സർവ്വലോക കത്തോലിക്ക പ്രസിദ്ധീകരണപ്രദർശനത്തിൻെറ സ്മരണയ്ക്കായി "മദ്ധ്യസ്ഥ"ൻെറ അടുത്ത ജൂൺജൂലായ് ലക്കങ്ങൾ ഒരുമിച്ചു വിശേഷാൽപ്രതിയായി പ്രസിദ്ധപ്പെടുത്തുന്നതും, കേരളകത്തോലിക്കരായ പല പ്രസിദ്ധഎഴുത്തുകാരുടെ പ്രത്യേക ലേഖനങ്ങൾ അതിലുണ്ടായിരിക്കുന്നതുമാണു്.

പട്ടാഭിഷേകം: — കൊല്ലംരൂപതയുടെ പുതിയ മെത്രാനായി തിരിഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഫെറൊ. റവ. മോൺ. വിൻസെൻറ് ഡിറീരെ ഒ. സി. ഡി. അവർകളുടെ പട്ടാഭിഷേകം മേയ് മാസത്തിൽ നടക്കുന്നതാണെന്നറിയുന്നു. അഭിനവമെത്രാനു സർവഭാവിഭാവുകങ്ങളും തെങ്ങൾ സർവാത്മനാ ആശംസിച്ചു കൊള്ളുന്നു.

ഫാദർ ഡാമിയൻ: — ഹൊളോക്കോയിൽവച്ചു നിര്യാതനായ ഫാദർ ഡാമിയൻ എന്ന മിഷ്യനറിവൈദികൻെറ ദേഹാവശിഷ്ടങ്ങളും ബെൽജിയം ഗവർമ്മേൻറിനുവക പരിശീലന (Training ship) ക്കപ്പലിൽ അറ്റ്ലാൻറിക്കുസമുദ്രം കടന്നു കൊണ്ടുപോയിരിക്കുന്നു. ബെൽജിയത്തിലെ ആൻറ്വെർപ്പ് എന്ന പ്രസിദ്ധമായ അദ്ദേഹത്തിൻെറ ജന്മദേശത്തു് ഈ പുണ്യാവശിഷ്ടങ്ങളും സംസ്കരിക്കുന്നതായിരിക്കും. വാഴ്ത്തപ്പെട്ടവരുടെ ഗണത്തിൽ ഇദ്ദേഹത്തെ ചേർക്കുവാനുള്ള നടപടികളും ഇപ്പോൾ ആരംഭിച്ചിരിക്കയാണല്ലൊ.

കുറിപ്പുകൾ.

എ. പെ. പെ. ബ. മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് ഏപ്രീൽമാസം 15-ാംതീയതി മുതൽ ഏകദേശം ഒരു മാസത്തേക്കു പീരുമേട്ടിലെ ചാർളസ് മൗണ്ടിലുള്ള ബംഗ്ലാവിൽ വിശ്രമാർത്ഥം താമസിച്ചുവരുന്നു. ഈ അവസരത്തിൽ രൂപതക്കുറിപ്പുകളും അദ്ദേഹമായിത്തന്നെ നിർവഹിക്കുന്നതിനു വേണ്ട ഏർപ്പാടുകളും ചെയ്തിട്ടുണ്ടു്.

ചങ്ങനാശേരി രൂപതവക

ചിട്ടി അറിയിപ്പ്.

ചങ്ങനാശേരിരൂപത തലയാളായി 104-ൽ 170-ാം നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള ഈ ചിട്ടിയുടെ 12-ാമത്തെ യോഗം 1111 ഇടവം 20 -ാംതു- ചൊവ്വാഴ്ചകൾ ഒരു മണിയ്ക്കു സെൻട്രൽ ബാങ്കുമാ 1936 ജൂൺ 2 ൻസ് കോളേജ്വക കെട്ടിടത്തിൽവച്ചു നടത്തുന്നതാകകൊണ്ടു ചിറാളന്മാർ ചേർന്നിട്ടുള്ള നമ്പരുകൾക്കു താഴെക്കാണുന്ന കണക്കനുസരിച്ചു വയ്ക്കുവാനുള്ള സംഖ്യ അന്നേദിവസം ലേലത്തിനുമുമ്പായി സ്റ്റാമ്പുവിലസഹിതം എത്തിച്ചതിനു രസീതു വാങ്ങിക്കൊള്ളുന്നതും അടുത്ത 13-ാമതു ചിട്ടി നമ്പരുകൾ അന്നേദിവസം ലേലം ചെയ്യുന്നതും 12-ാമതു ചിട്ടിക്കു രൂപാ വയ്ക്കാത്തവർക്കു ലേലത്തിൽ ചേരുവാൻ അവകാശമില്ലാത്തതും ആകുന്നു.

പിടിച്ചവർ വയ്ക്കേണ്ടും സംഖ്യ			രൂ. ണ. പ.	പിടിയ്ക്കാത്തവർ വയ്ക്കേണ്ടും സംഖ്യ			രൂ. ണ. പ.
എ	നമ്പർ	ഒന്നുക്കു	400—0—0	എ	നമ്പർ	ഒന്നുക്കു	137—8—0
ബി	„	„	320—0—0	സി	„	„	79—3—10
സി	„	„	160—0—0	സി	„	„	43—6—0
ഡി	„	„	80—0—0	ഈ	„	„	24—2—4
ഈ	„	„	40—0—0				

മാനേജർ ഒളശയിൽ കുര്യൻ ക.

മലബാർ കത്തോലിക്കാ യുവജനസഖ്യം.

നോട്ടീസ്.

"ഫാ. ഹൊനോരെ അവർകളും മലബാറിനു അദ്ദേഹം ചെയ്ത സേവനങ്ങളും" എന്നതിനെ അധികരിച്ചു മലയാളത്തിൽ ഏറ്റവും നല്ല കവിത എഴുതുന്നയാൾക്കു രണ്ടുപവനിൽ കുറയാത്ത ഒരു സ്വർണ്ണമെഡൽ, അടുത്ത വാർഷിക സമ്മേളനത്തിലവച്ചു സമ്മാനിക്കുന്നതിനു 'ലീഗ്'ധികൃതന്മാർ നിശ്ചയിച്ചിരിക്കുന്നു. ജാതിമതഭേദമെന്യേ ഏതു മലയാളിക്കും ഈ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

കവിത 400 വരിയിൽ കുറയാത്തതും 600 വരിയിൽ കൂടാത്തതുമായിരിക്കണമെന്നുണ്ടു്. സമ്മാനാർഹമാകുന്ന കവിതയുടെ പകർപ്പവകാശം സഖ്യത്തിനായിരിക്കും. കവിതകൾ 1936 ജൂലായി 31-ാംതീയ്യതിക്കുമുമ്പു് ജനറൽസിക്രട്ടറിക്കു കിട്ടത്തക്കവണ്ണം അയച്ചുതരേണ്ടതാണ്.

പരിശോധകന്മാരുടെ പേരുകൾ ഈ മാസത്തിന്റെ അവസാനത്തിൽ കേരളത്തിലുള്ള പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.

General Secretary, M. C. Mathai B. A.,
Lecturer in Malayalam,
S. B. College, Changanacherry.

ചങ്ങനാശേരി.
25-3-1936.

Reg. No. T. 21

പഞ്ചാംഗം

മേയ് 1936 മേടം—ഇടവം 1111

എ. ഭാ. ക. മറിയത്തിന്റെ വണക്കമാസം.

ഇ.	മ.				
1	19	വെ		ശ്ലീ. പീലിപ്പോസും യാക്കോബും . . .	ച
2	20	ശ		അ. മൗ അത്തനാസിസ്. . .	വെ
3	21	ഞാ	✠	ഉയിർപ്പ് 3-ാം ഞാ. കട്. 4 ഹാ.	വെ
4	22	തി		വിധവ മോനിക്ക . . .	വെ
5	23	ചൊ		പാ. മൗ പിയോസ് . . .	വെ
6	24	ബു		മൗ. യോഹന്നാൻ . . .	വെ
7	25	വ്യാ		അ. വേ. സ്തനിസ്ളാവോസ്	ച
8	26	വെ		മിഖായേൽ മാലാ. പ്രത്യക്ഷം . . .	വെ
9	27	ശ		അ. മൗ. മല്പാൻ ഗ്രിഗോര്യോസ്	വെ
10	28	ഞാ	✠	ഉയിർപ്പ് 4-ാം ഞാ ഹാ. 5. കട്.	വെ
11	29	തി		രാ. വേ. ഹെർമനെജിൽ (ഏ. 13)	ച
12	30	ചൊ		വേ. നേരിയൂസും കൂട്ടരും	ച
13	31	ബു		വേ. തിബുർത്തിയോസും കൂട്ട. (ഏ. 14)	ച
14	ഇട 1	വ്യാ		വേ. ഇസ്പനിഫാസിയോസ്	ച
15	2	വെ		പാ. വേ. അനിസേത്തോസ് (ഏ. 17)	ച
16	3	ശ		അ. മൗ. ഉബാൽഡാസ്	വെ
17	4	ഞാ	✠	ഉയിർപ്പ് 5-ാം ഞാ കട്. 6 മൈസ്.	വെ
18	5	തി		ലൂത്തിനിയാ	റോ
19	6	ചൊ		ലൂത്തിനിയാ	റോ
20	7	ബു		ന. ക. കർത്താവിന്റെ തിരുനാൾ	റോ
21	8	വ്യാ	✠	ന. ക. സ്വർഗ്ഗാരോഹണം	വെ
22	9	വെ		പാ. വേ. ക്ലേത്താ. മർസ്. (ഏ. 26)	ച
23	10	ശ		ശ്ലീ. കുർബ്ബാന കണ്ടെത്തി (ഈ. 3)	ച
24	11	ഞാ.	✠	ഉയിർപ്പ് 6-ാം ഞാ. ഹാ. 7 ഹാ.	വെ
25	12	തി		പാ. വേ. ഉർബാനോസ്	ച
26	13	ചൊ		പാ. വേ എലവുത്തേരിയോസ്	ച
27	14	ബു		പാ. വേ. യോഹന്നാൻ	ച
28	15	വ്യാ		വേ. ഗോർദിയാ. എപ്പീമ. (ഈ. 10)	ച
29	16	വെ		മൗ. പാസ്ക്കാളീസ് (ഈ. 17)	വെ
30	17	ശ		പാ. വേ. ഫേലിക്സ്	ച
31	18	ഞാ	✠	പന്തക്കുസ്താ. കട്. 1 കട്. (ദുഃഖവെ.)	ച

Printed and published by Rev. Fr. Mathew Alakalam
at the S. J. O. Press, Changanacherry.